കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മംഗലപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1906/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 31.10.2018

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മംഗലപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗലപുരം ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്, 4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1906 /2018 തീയതി: 31.10.2018

## തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09.08.2017 മുതൽ 18.8.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.8.2018 മുതൽ 18.8.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സനിൽ.എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. മുഹമ്മദ് സലിം.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സ്വപ്ന.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശരത് ജെ ശങ്കർ, ഓഡിറ്റർ<br>ശ്രീമതി.അനുലക്ഷ്മി.വി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. മംഗലപുരം ഷാഫി | 01-04-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീമതി.ഷമീം.ഐ | 01-04-17 മുതൽ 31-3-18 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കലാറാണി.ആർ.ഐ | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് | ശ്രീ.വിജയൻ | 01.04.2017 മുതൽ |

| | | |
|---|---|---|
| എഞ്ചിനീയർ | | 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബീന.കെ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രഞ്ജിനി.ആർ.യു | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മിനി.പി.മണി | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.എം.ജി.ഡാലിയ | 01.04.2017 മുതൽ 31.03.2018വരെ |
| എച്ച്.എം. (എൽ. പി.എസ്) | ശ്രീമതി.ലൈലാബീവി.എസ്.എം | 01.04.2017 മുതൽ 31.03.2018വരെ |
| എച്ച്.എം. (യു. പി.എസ്) | ശ്രീമതി.രേണുക.എം.എൽ | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അർച്ചന.കെ.ആർ | 01.04.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഒ -I | ഡോൺ.എസ്.എ | 01.04.2017മുതൽ 05.06.2017വരെ |
| | നൗഫൽ.എ.എൽ | 06.06.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ -II | ബാലു.കെ.എസ് | 18.7.2018 മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീത.റ്റി | 01.04.2017 മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | സുകുമാരൻ നായർ | 01.04.2017 മുതൽ 31.03.2018വരെ |

<u>ഉള്ളടക്കം</u>

| ക്രമ. നം | വിഷയം | ഖണ്ഡിക നം. |
|---|---|---|

| | | |
|---|---|---|
| ഭാഗം - I | | |
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് പരിശോധന | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.12 |
| ഭാഗം-II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2.1 |
| 14 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ | 2.2 |
| 15 | തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത | 2.3 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-ഈടാക്കാൻ അവശേഷിക്കുന്നു | 2.4 |
| 17 | ലേലം-ലേലഡയറിയും, അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല | 2.5 |
| 18 | വസ്തു നികുതി – അപാകങ്ങൾ | 2.6 |
| 19 | ഇ-ടെണ്ടർ ഫാറംവില തിരികെ ലഭിച്ചില്ല | 2.7 |
| ഭാഗം-III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | പൊതുഭരണവും ധനകാര്യവും-സ്റ്റാറ്റസ് റിപ്പോർട്ട് /വർക്കിംഗ് ഗ്രൂപ്പ് ശുപാർശകൾ പരിഗണിച്ചില്ല. | 3.1 |

| | | |
|---|---|---|
| 21 | വൗച്ചർ സൂക്ഷിപ്പിലെ അപാകങ്ങൾ | 3.2 |
| 22 | സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.3 |
| 23 | സംയുക്ത പ്രോജക്ടുകൾ- സർക്കാർ നിർദ്ദേശം പാലിക്കണം | 3.4 |
| 24 | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ-കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയില്ല. | 3.5 |
| 25 | മംഗലപുരം എൽ.പി.എസ്. മെയിന്റനൻസ്- ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്യാതെ സൂക്ഷിക്കുന്നു. | 3.6 |
| 26 | കുഴൽക്കിണർ സ്ഥാപിച്ചെങ്കിലും വാട്ടർ കണക്ഷൻ വിച്ഛേദിച്ചില്ല | 3.7 |
| 27 | ഓഫീസ് വാഹന പരിപാലനം തൃപ്തികരമല്ല | 3.8 |
| 28 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പാലിക്കണം | 3.9 |
| 29 | ആസൂത്രണം മെച്ചപ്പെടണം - പ്രോജക്ടുകൾ ലക്ഷ്യം കാണുന്നില്ല | 3.10 |
| 30 | ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കണം | 3.11 |
| 31 | ഗ്രീൻപ്രോട്ടോകോൾ- തുടർപ്രവർത്തനങ്ങൾക്ക് ശുപാർശചെയ്യുന്നു | 3.12 |
| 32 | വനിതാഘടകപദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിയ്ക്കണം. | 3.13 |
| 33 | ABC പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ പദ്ധതിമോണിട്ടറിംഗ് അനുവാര്യമാണ്HM, U.P.S | 3.14 |
| 34 | ആശ്രയ പദ്ധതി-പദ്ധതിപ്പണം നഷ്ടപ്പെട്ടു | 3.15 |
| 35 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തുക തടസപ്പെടുത്തുന്നു. | 3.16 |
| 36 | ഇടവിളാകംവാർഡിൽ ഡബിൾ ട്യൂബ് സ്ഥാപിക്കൽ -കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല. | 3.17 |
| 37 | ഇ- ടോയ് ലറ്റ് നിർമ്മാണം - ആസൂത്രണത്തിൽ വ്യക്തതയില്ലാത്തതിനാൽ പദ്ധതി പൂർത്തീകരണം വൈകുന്നു. | 3.18 |
| ഭാഗം IV | | |

| | | |
|---|---|---|
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക്നൽകിയ തുകകൾ | 4.2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 41 | വായ്പ തിരിച്ചടവ് | 4.4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 43 | ഓഡിറ്റ് റിക്കവറി | 4.6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 |
| 45 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4.8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 28.3.2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 111901390/- രൂപ വരവും 100631641/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 111901390/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 100631641/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 08.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി11/1493/2018 തീയതി 03.09.2018 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31065646 |
| വരവ് | 80835744 |
| ആകെ | 111901390 |
| ചെലവ് | 100631641 |
| നീക്കിയിരിപ്പ് | 11269749 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17942487 | 17942487 | 17942487 | 0 |
| വികസനഫണ്ട് (SCP) | 0 | 8337589 | 8337589 | 8337589 | 0 |
| വികസനഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10419870 | 10419870 | 10419870 | 0 |
| ലോക ബാങ്ക് സഹായം | 0 | 200000 | 200000 | 200000 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4621771 | 4621771 | 4621771 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6610482 | 6610482 | 6610482 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 18395 | 1071488 | 1089883 | 1042510 | 47373 |
| ഇംപ്രസ്റ്റ് അക്കൗണ്ട് | 856091 | 31888 | 887979 | 0 | 887979 |
| സാക്ഷരത | 2246 | 84 | 2330 | 0 | 2330 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 23955776 | 12616000 | 36571776 | 34546758 | 2025018 |

| | | | | | |
|---|---|---|---|---|---|
| ബി-ഫണ്ട് | 0 | 911240 | 911240 | 911240 | 0 |
| Treasury Own Fund VPFAI & II | 3180 | 0 | 3180 | 0 | 3180 |
| Cash in hand | 114027 | 187471 | 301498 | 114027 | 187471 |
| തനതുഫണ്ട് | 6098637 | 17885374 | 23984011 | 15884907 | 8099104 |
| DCB-തനതുഫണ്ട് | 17294 | 0 | 17294 | 0 | 17294 |
| ആകെ | 31065646 | 80835744 | 111901390 | 100631641 | 11269749 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 6 | 2121660 | 6 | 1632870 | 0 | 0 | 100 |
| 2 | വെറ്ററിനറി സർജൻ | 7 | 7187299 | 7 | 3250899 | 0 | 0 | 100 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 10 | 3953869 | 10 | 3284650 | 0 | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 150000 | 1 | 150000 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 8 | 1873224 | 7 | 1843096 | 0 | 1 | 100.00 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 6416636 | 8 | 5343954 | 0 | 2 | 73.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | വി.ഇ.ഒ | 15 | 16116167 | 8 | 5493167 | 4 | 3 | 53.00 |
| 8 | സെക്രട്ടറി | 33 | 9803597 | 26 | 8173059 | 4 | 4 | 79.00 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 5566402 | 8 | 2094416 | 0 | 5 | 62.00 |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 68 | 43383464 | 38 | 20101996 | 29 | 1 | 56.00 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1500000 | 1 | 1099978 | 0 | 0 | 100.00 |
| 12 | ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്. | 7 | 1710000 | 6 | 1394100 | 1 | 0 | 86.00 |
| | ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. | 3 | 2315600 | 3 | 1406340 | 0 | 0 | 100.00 |
| | ആകെ | 183 | 102097918 | 129 | 55268525 | 38 | 16 | 70.00 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18395 | 1071488 | 1089883 | 1042510 | 47373 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24263833 | 24263833 | 24263833 | 0 |
| ആകെ | 18395 | 25335321 | 25353716 | 25306343 | 47373 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 171240 | 273 |
| കർഷകതൊഴിലാളി പെൻഷൻ | 4233600 | 376 |
| വിധവാ പെൻഷൻ | 13934800 | 1622 |
| വാർദ്ധക്യകാലപെൻഷൻ | 37872400 | 3120 |
| വികലാംഗ പെൻഷൻ | 5529200 | 448 |
| വിവാഹധനസഹായം | 740000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 508500 | 44 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2018 ന് രാവിലെ 10.45 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16391/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയെങ്കിലും, കൃത്യമായി മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണം സ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ച് നല്കിയിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും, സബ് വൗച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന്

വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്. .

(i) പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാമാസവും കൂടിയിട്ടില്ല. (മിനിട്ട്സ് ഹാജരാക്കിട്ടില്ല) |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | രജിസ്റ്റർ പൂർണ്ണമല്ല |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |

| | | |
|---|---|---|
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആകെ വരവ് ലഭ്യമല്ല |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട് |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൌരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ തീരുമാനത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 35/16.8.2018) മറുപടിയായിഅറിയിച്ചിട്ടുണ്ട്.എന്നാൽ ആയത്

പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

iii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ്മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

iv ഭൗമവിവരശേഖരണ സർവ്വെ വെബ്സൈറ്റ്

ഗ്രാപഞ്ചായത്തിൽ ഭൗമ വിവരശേഖരണ സർവ്വെ സംബന്ധിച്ച് ഒരു വെബ്സൈറ്റ് തുടങ്ങിയിട്ടുണ്ട്. പ്രസ്തുത സൈറ്റിൽ വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം നൂതനമായ ആശയം നടപ്പിലാക്കിയത് മാതൃകപരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.04.2018 മുതൽ 11.04.2018 വരെ | 01.02.2018 മുതൽ 31.03.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | 2007-08 മുതൽ 2013-14 വരെ | 24-03-16 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ - ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുമ്പ് | 02.02.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനുവരി 15-ന് മുമ്പ് | 07.02.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനുവരി 25-ന് മുമ്പ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുമ്പ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുമ്പ് | 26.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുമ്പ് | 24.03.2017 |

| | | | |
|---|---|---|---|
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുമ്പ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുമ്പ് | 29.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.,ഹോമിയോ),വെറ്ററിനറിസർജൻ വേങ്ങോട്, എച്ച്.എം (എൽ.പി.എസ്.കോരാണി, യു.പി.എസ്.ഇടവിളാകം) എന്നീ നിർവഹണോദ്യോഗസ്ഥർ മാത്രമാണ് ബജറ്റ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്. കൂടാതെ ഘടക സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും നോൺ പ്ലാൻ ചെലവുകൾക്ക് പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ബജറ്റ് ശുപാർശകൾ സ്വീകരിക്കാതെ പ്രോജക്ട് തയ്യാറാക്കിയതിനാൽ പ്രോജക്ട് അടങ്കലിന്റെ ചെറിയ ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളു. ഉദാഹരണം ഐ.സി.ഡി.എസ് സൂപ്പർവൈസർ അടങ്കൽ 50000/- ചെലവ് 13414/-, മെഡിക്കൽ ഓഫീസർ ആയൂർവ്വേദം അടങ്കൽ 10000/- ചെലവ് 4596/- എച്ച്.എം.ഗവ.യു.പി.എസ്, അടങ്കൽ 250000/- ചെലവ് 76054/-

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഹെഡ് ഓഫ് അക്കൗണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | വേജസ് | 210100201 | 900000 | 1084075 |
| 2 | റിപ്പയർ&മെയിന്റനൻസ് | 230500105 | 50000 | 116008 |
| 3 | കൃഷിയും അനുബന്ധ വിളകളും-പൊതുവിഭാഗം | 250100201 | ഇല്ല | 1108550 |
| 4 | കൃഷി-വികസന പദ്ധതികൾ | 250100301 | ഇല്ല | 40800 |
| 5 | മൃഗസംരക്ഷണം-പശു – പൊതുവിഭാഗം | 250103101 | ഇല്ല | 599978 |
| 6 | ഹൈസ്കൂൾ വിദ്യാഭ്യാസം-എസ്.സി.പി | 2511100302 | ഇല്ല | 75784 |

പൊതുമരാമത്ത് പ്രവൃത്തികൾ – ബജറ്റിനെക്കാൾ അധികരിച്ച് ചെലവ്

| ഇനം | ബജറ്റ് ചെലവ് | യഥാർത്ഥ ചെലവ് | അധികരിച്ച ചെലവ് |
|---|---|---|---|
| കലുങ്കുകൾ, പാലങ്ങൾ | 200000 | ഇല്ല | ഇല്ല |
| ഇടവഴികൾ | ഇല്ല | 299816 | 299816 |
| റോഡുകൾ | 4500000 | 13737185 | 9237185 (32.75%) |

പൊതുമരാമത്ത് സ്റ്റാറ്റസ്റിപ്പോർട്ട് പ്രകാരം 12 പാലങ്ങൾഅറ്റകുറ്റപ്പണികളും 15 പാലങ്ങളും ഒരു ചെക്ക് ഡാം പുതുതായി നിർമ്മിക്കേണ്ടതുണ്ടെന്നും പറയുന്നു.പാലങ്ങൾ അറ്റകുറ്റ പണി നടത്തുന്നതിനും,ചെക്ക് ഡാം നിർമ്മിക്കുന്നതിനും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം നൽകിയെങ്കിലും അന്തിമ പദ്ധതി രേഖയിൽ മേൽപറഞ്ഞ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല.

<u>അനിവാര്യ ചുമതലയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല</u>

കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166 പട്ടിക 3 എ 6പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലും ആശുപത്രികളിലും അങ്കണവാടികളിലും മാലിന്യസംസ്കരണ സംവിധാനം ഇല്ല എന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിലും പദ്ധതിരേഖയിലും രേഖപ്പെടുത്തിയിരിക്കുന്നത്. ബജറ്റിലും പ്രസ്തുത മേഖലയിൽ തുക വകയിരുത്തിയിട്ടില്ല.

ഈ വിഷയങ്ങളിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 <u>ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ -</u>

a) <u>ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല</u>

2016-17, 2017-18വർഷങ്ങളിൽ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് പുതുക്കാൻ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്റർ മാത്രമാണ് നിലവിൽ സൂക്ഷിക്കുന്നത് .1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്തിൽ ആകെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

b) <u>ലൈസൻസ് പുതുക്കി നൽകിയിട്ടില്ല</u>

2016-17 വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾക്ക് 2017-18 വർഷം ലൈസൻസ്

പുതുക്കി നൽകിയിട്ടില്ല. ഉദാഹരണമായി XIII-ാം വാർഡിലെ സ്ഥാപനങ്ങൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2017-18 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | XIII/333 | ആർ.നൗഷാദ് | ചിക്കൻ സ്റ്റാൾ |
| 2 | XIII/401 | ഹക്കിം.എ | കെട്ടിട നിർമ്മാണ സാധനങ്ങൾ |
| 3 | XIII/550 | ശാലിനി.യു | സ്റ്റിച്ചിംഗ് സെന്റർ |
| 4 | XIII/552 | ബാബു. | ഹോട്ടൽ |
| 5 | XIII/558 | പി.അനിൽ കുമാർ | പലചരക്ക് കട |
| 6 | XIII/576,577 | ആദർശ്.ഐ | ടൈലറിംഗ് |
| 7 | XIII/585 | ശശികുമാർ.കെ | ഹോട്ടൽ |

c) പെട്രോൾപമ്പിന് ലൈസൻസ് നല്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 4 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ 2017-18 വർഷം ഒരു പെട്രോൾ പമ്പിന് മാത്രമാണ് ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത്. ഈ ഇനത്തിൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

d) ലൈസൻസ് ഫീ കുറവായി ഈടാക്കി

ഓഡിറ്റിന് ഹാജരാക്കിയ 169 അപേക്ഷകൾ പരിശോധിച്ചതിൽ ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | പേര് | വ്യാപാര സ്ഥാപനം | ദിവസ വരുമാനം (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | II/501A | കെ.ആർ.അനിത | സ്റ്റോക്ക് വിൽപ്പന | 3,00,000/- | 4000 | 2000 | 2000 |
| 2 | X/288 | സുമ കുമാരി.ജെ | പെട്രോൾ പമ്പ് | 1,50,000/- | 4000 | 2000 | 2000 |

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ഡി & ഒ ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസ് ഫീ കുറവായി ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ

നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത

അംഗീകരിച്ച ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 3100000/-രൂപയുടെ വരവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 2919000/- രൂപയാണ്. ബജറ്റ് തയ്യാറാക്കിയ വേളയിൽ വിഭവസമാഹരണം സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്താത്തതിനാലാണ് ഇത്തരം അന്തരമുണ്ടായത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം | പഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയ പരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. | ഗ്രാമപഞ്ചായത്ത് പരിധിയിൽ നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ടസമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെട്ടത് സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.17) |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. | നടപടി സ്വീകരിച്ചതിന് രേഖകൾ ലഭ്യമാക്കിയില്ല |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. | നടപടി സ്വീകരിച്ചതിന് രേഖകൾ ലഭ്യമാക്കിയില്ല |
| 4 | 205(എഫ്II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. | നടപടി സ്വീകരിച്ചതിന് രേഖകൾ ലഭ്യമാക്കിയില്ല |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. | നടപടി സ്വീകരിച്ചതിന് രേഖകൾ ലഭ്യമാക്കിയില്ല |

മേൽനടപടിക്രമം പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് അതിർത്തിയിലെ എല്ലാസ്ഥാപനങ്ങളിൽ നിന്നും തൊഴിൽദായകർ ജീവക്കാരുടെ വിവരങ്ങളടങ്ങിയ പത്രിക സമർപ്പിച്ചുവെന്ന് ഉറപ്പാക്കാനാകില്ല. ഇപ്രകാരം ഈ ഇനത്തിൽ നഷ്ടസാധ്യതയുണ്ട്.

i) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല

നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും വരുത്തിവേണം സ്ഥപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഇത്തരത്തിലും വരുമാന നഷ്ടത്തിന് സാധ്യതയുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ 25 അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ മേൽ സൂചിപ്പിച്ച പ്രകാരം റിട്ടേൺ സമർപ്പിച്ചിട്ടില്ല.

i) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ,മംഗലപുരം

ii) മിനി മുത്തൂറ്റ് നിധി.

ii) നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഡി&ഒ ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഡി&ഒ ലൈസൻസിനായി സമർപ്പിച്ച 169 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | III/289 | അനിൽ കുമാർ | പൈപ്പ് നിർമ്മാണം | 14 |
| 2 | XIII/613 | അഷ്റഫ് | ഹോളോബ്രിക്സ് | 7 |
| 3 | XX/152 | ഭാനുദേവൻ | ഹോട്ടൽ | 5 |
| 4 | V/694 | കവിത കെ.ആർ | വുഡ് ഇൻഡസ്ട്രി | 4 |
| 5 | XX/163 | ജലീലുദ്ദീൻ | ഫർണീച്ചർ | 4 |

iii) തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

സ്ഥാപന രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | അൽ നിയാദി എഡ്യൂക്കേഷണൽ ട്രസ്റ്റ് ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | അൽ നിയാദി ഫാർമസി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | അൽ നിയാദി ലബോറട്ടറി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 4 | ഫാമിലി ദന്തൽ കെയർ ഇംപ്ലാന്റ് സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | പി.വി.എം ദന്തൽ ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ്, മംഗലപുരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | മുത്തൂറ്റ് ഫിൻകോർപ്പ് മംഗലപുരം | രണ്ടാം അർദ്ധവർഷം |
| 8 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് | രണ്ടാം അർദ്ധവർഷം |
| 9 | മിനി മുത്തൂറ്റ് നിധി മുരുക്കുംപുഴ | രണ്ടാം അർദ്ധവർഷം |
| 10 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ | രണ്ടാം അർദ്ധവർഷം |
| 11 | മാവേലി സ്റ്റോർ തോന്നയ്ക്കൽ | രണ്ടാം അർദ്ധവർഷം |
| 12 | പോലീസ് കൺട്രോൾ റൂം മംഗലപുരം | രണ്ടാം അർദ്ധവർഷം |
| 13 | കോഴിമട ദേവസ്വം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക-ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴപ്പറയുന്ന കടമുറികളിൽ നിന്നും 2017-18വർഷം വാടക ഈടാക്കാനുണ്ട്.

| ക്രമ നം. | കടമുറി നം | പേര് | കാലയളവ് | വാടക |
|---|---|---|---|---|
| 01 | എഫ്.എഫ്.11 | എൻ.ശേഖരൻ<br>എൻ.എസ്.ഭവൻ<br>തോന്നക്കൽ | 11/2017 മുതൽ 03/2018 വരെ | 5x222=1110 |
| 02 | എഫ്.എഫ്.3 | അബ്ദുൾ ജലാൽ<br>സുജിൻ മൻസിൽ | 09/2017 മുതൽ 03/2018 വരെ | 7x378=2646 |

കട ഉടമകളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും(ഓഡിറ്റ് എൻക്വയറി നം.-31/16.8.18) ആയത് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ലേലം-ലേലഡയറിയും, അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് തൻ വർഷം വിവിധ ഇനങ്ങളിലായി 378850/- രൂപയ്ക്ക് ലേലം നടപ്പാക്കിയിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലേലം കൊണ്ട വ്യക്തി | തുക |
|---|---|---|---|
| 1 | മംഗലപുരം പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് | ഫാറൂഖ് | 89500/- |
| 2 | കൈലാത്ത് കോണം പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് | ബിനു | 35600/- |
| 3 | മുരുക്കുംപുഴ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് | ബിനു | 237750/- |
| 4 | പരസ്യ നികുതി | ബിജു | 16000/- |

ഓഡിറ്റ് റിക്വസിഷൻ പ്രകാരം ലേല ഡയറിയും അനുബന്ധ രേഖകളും ഓഡിറ്റിനായി ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. അതിനാൽ ലേല നടപടികളുടെ കൃത്യത പരിശോധിക്കാനായില്ല.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈവിഷയത്തിൽ ക്ഷണിക്കുന്നു.

## 2-6 വസ്തു നികുതി -അപാകങ്ങൾ

i) വസ്തു നികുതി-അനധികൃത ഇളവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം6, പട്ടിക1- ൽ ക്രമ നം. 1 പ്രകാരം പ്രാഥമിക മേഖലയിലുൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് ചെയ്യേണ്ടതില്ല എന്ന ചട്ടം നിലനില്ക്കേ പഞ്ചായത്തിലെ പ്രാഥമിക മേഖലയിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് മാളിനെ(200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ളവ ) സഞ്ചയ സോഫ്റ്റ് വെയറിൽ 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള നാഷണൽ ഹൈവേയിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് രേഖപ്പെടുത്തുകയും ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവും നൽകിയതായി കാണുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം | ഏർപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | III/114 | മുഹമ്മദ് ഇസ്മയിൽ, ‘ഷീജ മൻസിൽ’, (എം.ഐ. കോംപ്ലക്സ്, ചെമ്പകമംഗലം, ഇടയ്ക്കോട്) | 182 | 10010/- |

| | |
|---|---|
| വിസ്തീർണ്ണം | - 182 ച.മീ |
| നികുതി | – 182x50=9100/- |
| ഇളവ് | - 910/-(ദ്വിതീയം-10%) |

| |
|---|
| വർദ്ധനവ് - 1820(വഴി സൗകര്യം-20%) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം25/16.8.2018) മറുപടി ലഭ്യമായിട്ടില്ല. ഇപ്രകാരം നികുതി നിർണ്ണയിച്ചതിൽ പഞ്ചായത്തിന് ഒരു വർഷം 910/- രൂപയുടെ വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ അനധികൃതമായി അനുവദിച്ച നികുതിയിളവ് പിൻവലിച്ച് കെട്ടിട ഉടമയിൽ നിന്നും യഥാർത്ഥ നികുതി ഈടാക്കാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

ii) <u>മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചിട്ടില്ല.</u>

മംഗലപുരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള BSNL ടവറിന്റെ വസ്തു നികുതി 2013-14 മുതൽ പിരിച്ചിട്ടില്ല.

| ക്രമ നം. | മൊബൈൽ ടവർ കമ്പനിയുടെ പേര്/ടവർ സ്ഥിതി ചെയ്യുന്ന സ്ഥലം | കെട്ടിട നം./തറ വിസ്തീർണ്ണം(@500/m$^2$) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി |
|---|---|---|---|
| 1 | സബ് ഡിവിഷണൽ എൻജിനീയർ ബി.എസ്.എൻ.എൽ.മംഗലപുരം | I/559A/3.995 ച.മീ. | 1798/- |

## 2-7 <u>ഇ-ടെണ്ടർ ഫാറംവില തിരികെ ലഭിച്ചില്ല</u>

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫാറംവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിവിവരം | അടങ്കൽ തുക | ടെണ്ടർ ഫാറ വില |
|---|---|---|---|---|
| 1 | 118 | മംഗലപുരം എൽ.പി.എസ്. മെയിന്റെനൻസ് | 1500000 | 2500 |
| 2 | 78 | ചിറയ്ക്കോണംറോഡ് കോൺക്രീറ്റിംഗ് | 500000 | 1000 |
| 3 | 76 | എം.കെ.നഗർ പമ്പ്ഹൌസ്റോഡ് റീടാറിംഗ് | 570000 | 1200 |
| 4 | 75 | തയ്ക്കാവിള റോഡ് മെറ്റലിംഗ്&ടാറിംഗ് | 600000 | 1200 |
| 5 | 69 | മാടാമൂഴിമാരണംകുന്ന്റോഡ്കോൺക്രീറ്റിംഗ് | 600000 | 1200 |
| 6 | 66 | കാണിയ്ക്കജംഗ്ഷൻകൈലാത്തുകോണം റോഡ് റീടാറിംഗ് | 690000 | 1400 |
| 7 | 72 | കോട്ടർത്തല മുട്ടുക്കോണംറോഡ്സെക്കന്റ് മെറ്റലിംഗ് | 650000 | 1300 |

| | | | | |
|---|---|---|---|---|
| 8 | 62 | കല്ലുമലകുന്നുംപുറംറോഡ് റീടാറിംഗ് | 560000 | 1200 |
| 9 | 67 | ഗുരുമന്ദിരം മാടൻനടറോഡ് ടാറിംഗ് | 600000 | 1200 |
| 10 | 127 | ശാസ്തവട്ടം ശാന്തിനഗർകോളനിറോഡ് റീടാറിംഗ് | 500000 | 1000 |
| 11 | 74 | കൈപ്പള്ളിക്കുളംറോഡ് മെറ്റലിംഗ്&ടാറിംഗ് | 800000 | 1600 |
| 12 | 79 | കുഴിവിളറോഡ് മെറ്റലിംഗ്&ടാറിംഗ് | 600000 | 1200 |
| 13 | 70 | ചെമ്പകമംഗലം ചെമ്പകശ്ശേരി | 600000 | 1200 |
| 14 | 77 | ഗായത്രിറോഡ് റീടാറിംഗ് | 340000 | 700 |
| 15 | 119 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം രണ്ടാംഘട്ടം | 8000000 | 2500 |
| 16 | 133 | ഇടവിളാകം യു.പി.സ്കൂൾഗേറ്റ് നിർമ്മാണം | 700000 | 1400 |
| 17 | 123 | മുരിങ്ങമൺപി..എച്ച്..സി.സബ്സെന്റർമെയിന്റനൻസ് | 700000 | 1400 |
| 18 | 166 | ഹോമിയോഹോസ്പിറ്റൽ മെയിന്റനൻസ് | 200000 | 500 |
| 19 | 115 | തോന്നയ്ക്കൽ മോഡൽ അംഗൻവാടി അറ്റകുറ്റപ്പണികൾ | 200000 | 500 |
| 20 | 124 | മംഗലപുരംപി.എച്ച്.സി.യിൽലേഡീസ് ടോയ് ലറ്റ്നിർമ്മാണം | 250000 | 500 |
| 21 | 73 | അലിയാരുകോണം റോഡ് മെയിന്റനൻസ് | 600000 | 1200 |
| 22 | 106 | ചിത്രാഞ്ജലിറോഡ് മെയിന്റനൻസ് | 610000 | 1300 |
| 23 | 114 | ഇലങ്കത്ത്കാവ് | 480000 | 1000 |
| 24 | 60 | അയ്യൂട്ടിക്കോണംകോട്ടർത്തലറോഡ്റീട്ടാറിംഗ് | 600000 | 1200 |
| 25 | 81 | കമ്മ്യൂണിറ്റിഹാൾശാസ്തവട്ടം റോഡ്റീടാറിംഗ് | 510000 | 1100 |
| 26 | 108 | പ്ലാവിള റോഡ് കോൺക്രീറ്റിംഗ് | 200000 | 500 |
| 27 | 131 | ശുദ്ധഗ്രാമം പദ്ധതി കെട്ടിടനിർമ്മാണം | 1098983 | 2200 |
| 28 | 173 | പകൽവീട് നിർമ്മാണം | 1300000 | 2600 |

| | | | | |
|---|---|---|---|---|
| 29 | 178 | ശുദ്ധഗ്രാമം പദ്ധതിക്ക്അടിസ്ഥാനസൌകര്യം ഒരുക്കൽ | 824237 | 1700 |
| 30 | 196 | പകൽവീട്കെട്ടിടനിർമ്മാണം | 973500 | 2000 |
| 31 | 200 | പുതിയപഞ്ചായത്ത്കെട്ടിടത്തിന്റെവൈദ്യുതീകരണം | 1000000 | 2000 |
| | | ആകെ | | 41500 |

ടെണ്ടർ ഫാറം വിലയായ 41500 രൂപ തിരികെ ലഭിക്കാൻ മേൽനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുഭരണവും ധനകാര്യവും-സ്റ്റാറ്റസ് റിപ്പോർട്ട് /വർക്കിംഗ് ഗ്രൂപ്പ്ശുപാർശകൾ പരിഗണിച്ചില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കണക്കുകളും രേഖകളും തയ്യാറാക്കൽ ജനസേവനം കര്യക്ഷമമാക്കൽ' വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തതും സ്റ്റാറ്റസ് റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രോജക്ടുകളും ചുവടെ ചേർക്കുന്നു.

| പൊതുഭരണവും ധനകാര്യവും സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2017-18 വർഷത്തേയ്ക്ക് ശുപാർശ ചെയ്ത പദ്ധതികൾ | കണക്കുകകളും രേഖകളും തയ്യാറാക്കൽ ജനസേവനം കര്യക്ഷമമാക്കൽ വർക്കിംഗ് ഗ്രൂപ്പ്ശുപാർശ ചെയ്ത പദ്ധതികൾ( 15.02.2017ലെ മീറ്റിംഗ് മിനിട്ട്സ് പ്രകാരം) |
|---|---|
| 1.പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കറ്റ്<br>2.ഔദ്യോഗിക രേഖകളുടെ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ<br>3.ഓഫീസുകളിൽ സിസിടിവി സെക്യൂരിറ്റി<br>4.സൗജന്യ വൈഫൈ ഹോട്ട് സ്പോട്ട് | 1.പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും സോളാർ പാനൽ<br>2.ഇ-ഗവേർണൻസ്<br>3.ഫ്രണ്ട് ഓഫീസ് ടോക്കൺ<br>4.സിദ്ധ ആശുപത്രിക്ക് സ്വന്തം കെട്ടിടം<br>5.ഓഫീസ് കമ്പ്യൂട്ടറൈസേഷൻ |

സ്റ്റാറ്റസ് റിപ്പോർട്ട്,വർക്കിംഗ് ഗ്രൂപ്പ് എന്നിവ പ്രകാരമുള്ള മേൽ പദ്ധതി ശുപാർശകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല. 22.04.2017ലെ ജനറൽ കമ്മിറ്റി തീരുമാനം നം.1 പ്രകാരം സ്റ്റാൻഡിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചെങ്കിലും അന്തിമ പദ്ധതിയിൽ ഇവയൊന്നും ഉൾപ്പെട്ടിട്ടില്ല. പദ്ധതി മാർഗരേഖ നിർദ്ദേശാനുസൃതമല്ല പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. (ജി.ഒ (എം.എസ്) നം. 72/2017/ത.സ്വ.ഭ.വ തിയതി 29-03-2017).

## 3-2 വൗച്ചർ സൂക്ഷിപ്പിലെ അപാകങ്ങൾ

പഞ്ചായത്തിലെ ചെലവ് വൗച്ചറുകൾ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (അക്കൗണ്ട്സ്) ചട്ടം 10പ്രകാരം ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. വൗച്ചറിനോടൊപ്പം ചെലവിന് ആധികാരികത നൽകുന്ന അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. 2017മെയ് മാസത്തെ വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾച്ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./തീ | ഇനം | തുക | അപാകത |
|---|---|---|---|---|---|
| 1 | 21700181 | 148673/08/05/17 | കുടിവെള്ളം വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയത് | 6000 | ബിൽ,കൈപ്പറ്റ് രസീത് എന്നിവ സൂക്ഷിച്ചിട്ടില്ല |
| 2 | 21700203 | 148685/15/05/17 | കുടിവെള്ളം വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയത് | 6000 | ബിൽ,കൈപ്പറ്റ് രസീത് എന്നിവ സൂക്ഷിച്ചിട്ടില്ല |
| 3 | 21700217 | രേഖപ്പെടുത്തിയിട്ടില്ല | കുടിവെള്ളം പാസ് നൽകുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയത് | 4500 | ബിൽ,കൈപ്പറ്റ് രസീത് എന്നിവ സൂക്ഷിച്ചിട്ടില്ല.ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല |
| 4 | 21700218 | രേഖപ്പെടുത്തിയിട്ടില്ല | റിഫ്രഷർമെന്റ് ചാർജ് | 500 | ബിൽ,കൈപ്പറ്റ് രസീത് എന്നിവ സൂക്ഷിച്ചിട്ടില്ല.ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല |
| 5 | 31700059 | 287518/25.05.17 | കുടിവെള്ളം പാസ് നൽകുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയത് | 4500 | ബിൽ,കൈപ്പറ്റ് രസീത് എന്നിവ സൂക്ഷിച്ചിട്ടില്ല |
| 6 | 21700231 | 287519/26.05.17 | റിപ്പയർ & മെയിന്റനൻസ് ലാപ്ടോപ്പ് | 68640 | ബിൽ,ക്വട്ടേഷൻ എന്നിവ സൂക്ഷിച്ചിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 40/18.8.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് വരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്(2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ) കൂടാതെ കേ.പ.രാ.162 എ1 അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക എന്നതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. പ്രസ്തുത ചുമതല നിറവേറ്റുന്നതിൽ വീഴ്ച സംഭവിച്ചതാണ് മേൽ അപാകങ്ങൾക്ക് കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 സംയുക്ത പരിശോധന നടത്തിയിട്ടില്ല

i) തെരുവ് വിളക്ക് പരിപാലനം-

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജിനത്തിൽ തൻവർഷം 14,44,687/- കെ.എസ്.ഇ.ബി.യിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ടച്ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് സംബന്ധിച്ച അവലോകനം നടത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

ii) കുടിവെള്ള പൈപ്പുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്ത് കുടിവെള്ളടാപ്പുകളുടെ പരിപാലനത്തിന് വേണ്ടി തൻവർഷം 25,14,752/- രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയിട്ടില്ല. കുടിവെള്ള പൈപ്പുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ടച്ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കുടിവെള്ളപൈപ്പുകളുടെ വാട്ടർചാർജ് സംബന്ധിച്ച അവലോകനം നടത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

## 3-4 സംയുക്ത പ്രോജക്ടുകൾ- സർക്കാർ നിർദ്ദേശം പാലിക്കണം

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | നടപടി ക്രമം പാലിച്ചതിന് രേഖകളില്ല |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | നടപടി ക്രമം പാലിച്ചതിന് രേഖകളില്ല |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 5.ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | നടപടി ക്രമം പാലിച്ചിട്ടില്ല |

| | |
|---|---|
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല.തിരിച്ചടയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചുവരുന്നു. |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.തനത് ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |
| 8സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | സമയക്രമം പാലിച്ചിട്ടില്ല.15/12 /2017നാണ് വിവരം ലഭ്യമാക്കിയത് |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | പ്രസ്തുത നടപടി ക്രമം പാലിച്ചിട്ടില്ല.സംയുക്ത പ്രോജക്ടിന്റെ തുക തനത് ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു.വിശദവിവരം ചുവടെ |

| ക്രമ നം. | പ്രോജക്ട് നമ്പർ | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ചെലവഴിച്ച തുക | ചെലവഴിക്കാത്ത/ബാക്കി തുക |
|---|---|---|---|---|---|
| 1 | 82/18 | 245125 | - | 237100 | 8025 |
| 2 | 82/18 | - | 245125 | 245000 | 125 |
| 3 | 186/18 | 963500 | - | - | 963500 |
| 4 | 93/18 | 500000 | - | 499978 | 22 |
| 5 | 17/18 | 300000 | - | - | 300000 |
| 6 | 20/18 | 100000 | - | - | 100000 |
| 7 | 40/18 | 361000 | - | - | 361000 |
| 8 | 104/18 | 59500 | - | 55600 | 3900 |
| | ആകെ | 2529125 | 245125 | 1037678 | 1736572 |

മേൽ നടപടിക്രമം പാലിക്കാത്തതിനാൽ മുഖ്യപങ്കാളിയായ ഗ്രാമപഞ്ചായത്തിന് പ്രോജക്ട് ഉപേക്ഷിക്കേണ്ട/പൂർണ്ണമായ ഫണ്ട് ലഭ്യമാകാത്ത സാഹചര്യം ഉണ്ടായി.

1. പട്ടികജാതി വിഭാഗത്തൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഇരുചക്രവാഹനം എന്ന പ്രോജക്റ്റിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് 300000/-രൂപ വികസന ഫണ്ട് അനുവദിച്ചുവെങ്കിലും ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്താൽ ഗ്രാമപഞ്ചായത്തിന് പ്രോജക്റ്റ് ഉപേക്ഷിക്കേണ്ടിവന്നു.(03.02.2018ലെ ജനറൽ കമ്മിറ്റി തീരുമാനം)
2. പാലിന് സബ്സിഡി എന്ന പ്രോജക്റ്റിൽ 500000/- രൂപാ വീതം ത്രിതല പഞ്ചായത്തുകൾ അടങ്കൽ വകയിരുത്തി. പ്രോജക്റ്റ് നിർവഹണ ഘട്ടത്തിൽ ജില്ലാപഞ്ചായത്ത് 100000/- മാത്രമാണ് അനുവദിച്ചു നൽകിയത്. ഈയിനത്തിൽ 400000/- രൂപ ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല.
3. പ്രോജക്റ്റ് നം.17/18 -300000/-(പാലിയേറ്റീവ്), 120/18 -100000/-(സാന്ത്വനം),40/18-361000/-(ബയോഗ്യാസ്) എന്നീപ്രോജക്റ്റുകളുടെ ബ്ലോക്ക് വിഹിതം ലഭ്യമായി എങ്കിലും തൻ വർഷം പ്രോജക്റ്റ് നടപ്പിലാക്കിയില്ല. പ്രോജക്റ്റ് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. പ്രസ്തുത നടപടിക്രമം പാലിക്കാതെ തനത് ഫണ്ട് ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. (B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)
4. 196/18 – 963500/- രൂപ ബ്ലോക്ക് വിഹിതം പകൽ വീട് നിർമ്മാണത്തിന് അനുവദിച്ചുനൽകി.തൻവർഷം പ്രോജക്റ്റ് നടപ്പിലാക്കിയില്ല,എന്നാൽ പ്രസ്തുത തുക B4ഷെഡ്യൂളിൽ ഉൾപ്പെടാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ച് ചെലവഴിച്ച് വരുന്നു.സംയുക്ത പ്രോജക്റ്റുകളുടെ വിഭവ സമാഹരണം ഉറപ്പ് വരുത്തുന്നതിലും ലഭ്യമായ തുക നിയമാനുസൃതം അക്കൗണ്ട് ചെയ്ത് ചെലവഴിക്കുന്നതിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 3-5 ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ-കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയില്ല.

പദ്ധതി നം. 6/18 അടങ്കൽ - 300000/-(തനതുഫണ്ട്) നിർവ്വഹണ ഉദ്യോഗസ്ഥ – സെക്രട്ടറി

തെരുവ് വിളക്ക് ഇലക്ട്രിക് സാധനങ്ങൾവാങ്ങൽ എന്ന പദ്ധതിയിലേക്ക് നാല് സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയതിൽ ഏറ്റവും കുറവ്തുക ക്വാട്ട് ചെയ്തത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽഎന്റർപ്രൈസസ് (KSIE)ലിമിറ്റഡ്, തിരുവനന്തപുരം ആണ്. (ക്വട്ടേഷൻ തീയതി 1-12-16). ബ്രാന്റ് നെയിം രേഖപ്പെടുത്തിയിട്ടുള്ളതിനാലും സർക്കാർ സ്ഥാപനമായതിനാലും പ്രൊക്വയർമെന്റ് കമ്മിറ്റി ശുപാർശപ്രകാരം മേൽസ്ഥാപനത്തിന്റെ ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ച് തുടർനടപടിക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 2013 ലെ ,പുതുക്കിയ സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ പേജ് 60 clause 8 subsection (22) പ്രകാരം "No security should be demanded or taken from any Government institutions" എന്ന് പറയുന്നുണ്ട്. അപ്രകാരം KSIE യ്ക്ക് സപ്ലൈ ഓർഡർ നല്കേണ്ടതായിരുന്നു.പകരം സെക്യൂരിറ്റി അടവാക്കിയില്ല എന്ന കാരണം കാണിച്ച് KSIE യെ ഒഴിവാക്കി, KSIE ക്വട്ട് ചെയ്ത നിരക്കിൽ റാഫി ആന്റ് കോ. മംഗലപുരം (ആദ്യംഉയർന്ന നിരക്ക് ക്വാട്ട്ചെയ്ത സ്ഥാപനം) എന്ന സ്ഥാപനവുമായി കരാർ ചമച്ച സെക്രട്ടറിയുടെ നടപടി സ്റ്റോഴ്സ് പർച്ചേസ് മാന്വലിന് വിരുദ്ധമാണ്. അതേ സമയം 155/18 നമ്പരിലുള്ള 'ഇടവിളാകം വാർഡിൽ ഇലക്ട്രിക് സാധനങ്ങൾ വാങ്ങൽ' എന്ന പ്രോജക്റ്റിൽ, സർക്കാർ സ്ഥാപനം എന്ന നിലയിൽ KSIE ക്ക് സപ്ലൈഓർഡർ നൽകിയിട്ടുമുണ്ട്. ഇപ്രകാരം 2 പ്രോജക്റ്റുകളിലും പരസ്പര വിരുദ്ധമായ നിലപാടുകളാണ് സെക്രട്ടറി സ്വീകരിച്ചു കാണുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരീക്ഷണം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടിയിരുന്നു.

## 3-6 മംഗലപുരം എൽ.പി.എസ്. മെയിന്റനൻസ്- ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്യാതെ സൂക്ഷിക്കുന്നു.

പ്രോജക്ട് നം: 118/18

മേൽപദ്ധതി പ്രകാരം ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളിൽ ഉപയോഗയോഗ്യമായവ ലേലം ചെയ്യുന്നതിനുള്ള സർവ്വെ റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ , സെക്രട്ടറിക്ക് നൽകിയെങ്കിലും ആയവ ലേലം ചെയ്തിട്ടില്ല. കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 154 പ്രകാരം ചുവടെപ്പറയുന്ന സാധനങ്ങൾ ലേലം ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമമിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

| ക്രമ നം. | സാധനങ്ങളുടെ വിവരം | അളവ് | മൂല്യം |
|---|---|---|---|
| 1. | Anjili wood wrought and put up roof members | 2.199 $m^3$ | 80703 |
| 2. | Mangalore tiles- 1820 ടൈലുകൾ ഒരു ടൈലിന്റെ മൂല്യം 6/- രൂപ | 1820 x 6 | 10920 |
| | ആകെ മൂല്യം | | 91623 |

## 3-7 കുഴൽക്കിണർ സ്ഥാപിച്ചെങ്കിലും വാട്ടർ കണക്ഷൻ വിച്ഛേദിച്ചില്ല.

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ കുഴൽക്കിണർ സ്ഥാപിച്ച് രണ്ട് വർഷമായി. ആയതിനാൽ വാട്ടർ കണക്ഷൻ വിച്ഛേദിയ്ക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റി ആറ്റിങ്ങലിനോട് കത്ത് മുഖേന ആവശ്യപ്പെട്ടു. (ജനറൽകമ്മിറ്റിയുടെ 9-11-17 ലെ അജണ്ട 10 തീരുമാനം 1) . എന്നാൽ ഇത് സംബന്ധിച്ച ഫയൽ (നം എ2/ 25/17) ഹാജരാക്കിയിട്ടില്ല. വാട്ടർകണക്ഷൻ വിച്ഛേദിക്കുന്നതിനും അധികംഒടുക്കിയ തുക കണക്കാക്കി വാട്ടർ അതോറിറ്റിയിൽ നിന്നീടാക്കുന്നതിനും, ഊർജവുമായി ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 3-8 ഓഫീസ് വാഹന പരിപാലനം തൃപ്തികരമല്ല

a) ലോഗ് ബുക്ക്

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/208/ധനം. തീ .02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാവർഷവും നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ് കൂടാതെ തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ KL22 9754 രെജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള ഓഫീസ് വാഹനത്തിന്റ ഇന്ധനക്ഷമത പരിശോധന തൻവർഷം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ വാഹനത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

b) അറ്റകുറ്റ പണികൾ

വാർഷിക ധനകാര്യ പത്രികയിൽ വാഹനത്തിന്റെ അറ്റകുറ്റ പണികൾക്കായി തൻ വർഷം തുക അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്കിൽ അറ്റകുറ്റ പണികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാഹനത്തിന്റെ അറ്റകുറ്റ പണികളുടെ ഫയലുകൾ ഓഡിറ്റ് എൻക്വയറി നം.39/18.08.2018 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവുകൾ കർശനമായും പാലിച്ചുകൊണ്ട് ഓഫീസ് വാഹനങ്ങൾ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-9** ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പാലിക്കണം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സർക്കാർ ഉത്തരവ് (112/2014 തസ്വഭവ 25.06.14) പ്രകാരമാണ് ഗ്രാമപഞ്ചായത്ത് പ്രോജക്റ്റുകൾക്ക് വേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. അപ്രകാരമുള്ള സർക്കാർ നിർദ്ദേശവും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ക്രമവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കാർ നിർദ്ദേശം | ഗ്രാമപഞ്ചായത്ത് നടപടി |
|---|---|---|
| 1 | ഗുണഭോക്തൃ ഫോറങ്ങൾ ഗ്രാമകേന്ദ്രങ്ങൾ വഴി ഫെസിലിറ്റേറ്റർ/ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ വഴി വിതരണം ചെയ്യൽ | ഫോറം വിതരണം ചെയ്തിട്ടുണ്ട് 20 വാർഡുകളിൽ 11 വാർഡുകളിൽ മാത്രമേ ഗ്രാമകേന്ദ്രം പ്രവർത്തിക്കുന്നുള്ളൂ. (വൗച്ചർ - ചെലവ് പരിശോധനയിൽ കണ്ടത്) |
| 2 | ഗുണഭോക്താക്കൾ പൂരിപ്പിച്ച അപേക്ഷകൾ ഫെസിലിറ്റേറ്റർ / ഉദ്യോഗസ്ഥർ ലിസ്റ്റാക്കി പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കൽ | 4.06 2017 ന് ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| 3 | വാർഡ് വികസനസമിതി വിളിച്ച്കൂട്ടി അപേക്ഷകന്റെ അർഹത പരിശോധിച്ച് ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി മുൻഗണനാ ക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കൽ | അർഹത പരിശോധന നടത്തി മാർക്ക് രേഖപ്പെടുത്തിയിട്ടില്ല (വാർഡ് നം 1,9,15,19 ലെ അപേക്ഷകൾ പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്) |
| 4 | വാർഡ് വികസന സമിതി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമസഭനിർദ്ദേശങ്ങൾ പരിഗണിച്ച് മുൻഗണന ക്രമത്തിൽ മാറ്റം ആവശ്യമെങ്കിൽ ഉറപ്പാക്കൽ | വാർഡ് വികസന സമിതി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതിൽ നടപടി ക്രമം പാലിച്ചിട്ടില്ല. പ്രസ്തുത ലിസ്റ്റ് അതേപടി ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ട്. (17.07.2017) (ഓഡിറ്റ് അന്വേഷണം നം 20/17-18 ന്റെ മറുപടിയിൽ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്) |
| 5 | ഗ്രാമസഭ ലിസ്റ്റിനെ പഞ്ചായത്ത് തലത്തിൽ ലിസ്റ്റാക്കൽ | 14.08.2017 ലെ 5(12)നമ്പർ ഭരണസമിതി ഗ്രാമസഭ ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ പദ്ധതിയ്ക്കും ഒന്നാം വാർഡു മുതൽ 20- ാം വാർഡ് വരെയുള്ള ഒന്നാമത്തെ ഗുണഭോക്താക്കളെ മുൻഗണന ലിസ്റ്റിൽ ആദ്യം ഉൾപ്പെടുത്തി. തുടർന്ന് 20- ാം വാർഡ് മുതൽ ഒന്നാം വാർഡ് വരെ രണ്ടാമതായി ഉൾപ്പെട്ടിട്ടുള്ളവരെ രണ്ടാമത്തെ ഗുണഭോക്താവായി ഉൾപ്പെടുത്തി, |

| | | |
|---|---|---|
| | | ഗ്രാമസഭലിസ്റ്റിലെ അവസാനത്തെ ഗുണഭോക്താവിനേയും ഉൾപ്പെടുത്തുന്നതുവരേയും ഈ പ്രവർത്തനം തുടർന്നിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 20/17-18 മറുപടിയിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്) |

പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയോടൊപ്പം അർഹതാ മാനദണ്ഡം , മുൻഗണനാ മാനദണ്ഡം, മാർക്ക് എന്നിവ സൂചിപ്പിക്കുന്ന അനുബന്ധം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ അപേക്ഷകളിൽ ഈ വിധത്തിലുള്ള മാനദണ്ഡം പാലിച്ചല്ല ഗുണഭോക്താക്കളുടെ പട്ടിക ക്രമപ്പെടുത്തിയിട്ടുള്ളത്. നിയമപരമായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ പ്രോജക്ടിന് ആവശ്യം വേണ്ട ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ നാലിരട്ടിയുള്ള ഗുണഭോക്തൃ ലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥന് അംഗീകരിച്ച് നല്കിയിട്ടുള്ളത്. പ്രസ്തുതലിസ്റ്റിൽ യോഗ്യരായ ഗുണഭോക്താക്കളുടെ എണ്ണം തുലോം കുറവായിരുന്നു. ഇത് സമയബന്ധിതമായി പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ തടസ്സമായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സ്വീകരിച്ചഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടി യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

i) അർഹതാ മാനദണ്ഡം ലംഘിച്ച് ആനുകൂല്യം നൽകി - ചെലവ് തുക നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 188/18 അടങ്കൽ – 187500 (വികസനഫണ്ട്) |
| പേര് | വാഴകൃഷി പ്രോത്സാഹനം |
| ബിൽ നം, തീയതി | 2/17-18/9.1.18 , 67500/-<br>4/17-18/24.1.18, 101250/-<br>Cheque no.152773/21.3.18, 11250/-<br>Cheque no. 479795/6.2.18, 7500/- |
| നിർവ്വഹണം | കൃഷി ഓഫീസർ |
| യൂണിറ്റ് കോസ്റ്റ് | 1125 വികസനഫണ്ട് + 125 ഗുണഭോക്തൃ വിഹിതം = 1250/- രൂപ |
| ആകെ യൂണിറ്റ് | 150 |

| ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം | അപേക്ഷകന്റെ അർഹത |
|---|---|
| ബി.പി.എൽ കുടുംബത്തിലെ അംഗമായിരിക്കണം | എ.പി.എൽ വിഭാഗത്തിലെ അംഗമാണ് |
| വനിതയായിരിക്കണം | വനിത (ശ്രീമതി.കനകലത, എസ്.കെ നിവാസ് , വെയിലൂർ) |
| വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെ ആയിരിക്കണം | മൂന്ന് ലക്ഷം രൂപ (റേഷൻ കാർഡ് നം 1103049864) |

| | |
|---|---|
| പത്ത് സെന്റ് കൃഷിഭൂമി സ്വന്തമായുണ്ടായിരിക്കണം | കൃഷി ഭൂമിയുണ്ട് |

അർഹതാ മാനദണ്ഡം ലംഘിച്ച് മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് 1125/- രൂപയുടെ ആനുകൂല്യം നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം34/16.8.18) ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകിയ ഗുണഭോക്തൃ ലിസ്റ്റിലെ അപാകമാണ് ഇപ്രകാരം സംഭവിക്കാൻ ഇടയായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. സബ്സിഡി മാനദണ്ഡം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട ചുമതല നിർവഹണോദ്യോഗസ്ഥൻ ആയിരിക്കേ, മറുപടിഅംഗീകരിക്കുന്നില്ല. ആനുകൂല്യം നല്കിയ 1125/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

ii)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 8,9,10 ക്ളാസ്സുകളിലെ എസ്.സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകൽ (139/18) |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 500000/-(വികസനഫണ്ട്, എസ്.സി.പി)--420000/-<br>തനത് ഫണ്ട്-80000/-) |
| ചെലവ് | 495784/-( വികസന ഫണ്ട് 420000/-<br>തനത് ഫണ്ട്-75784/-) |
| ബിൽ നം. | 2/17-18 തീയതി 24.1.2018/1527770 (ചെക്ക് നം.) |

| പ്രോജക്ടിലെ അംഗീകൃത മാനദണ്ഡം | ഗുണഭോക്താവിന്റെ ആനുകൂല്യം നേടുന്നതിനുള്ള യോഗ്യത |
|---|---|
| 1ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായിരിക്കണം | 1.അഖില എസ്,പാറയ്ക്കൽ വിളാകത്ത് വീട്, ചന്തവിള,സൈനിക സ്കൂൾ,കഴക്കൂട്ടം(ആധാർ), തിരുവനന്തപുരം കോർപ്പറേഷൻ<br>2.നന്ദന എസ്.രാജ്,<br>രേവതി ഭവൻ,ശാസ്ത നഗർ,ശാസ്തവട്ടം പി.ഓ,അഴൂർ(ആധാർ),അഴൂർ പഞ്ചായത്ത്<br>3.നിമ്മി എസ്,<br>വീഴവിളവീട്,തോപ്പിൽപാലം,ചിറയിൻകീഴ്, കിഴുവിലം(ആധാർ), കിഴുവിലം പഞ്ചായത്ത് |
| 2.സർക്കാർ/ സർക്കാർ അംഗീകൃത സ്കൂളിലെ വിദ്യാർത്ഥിനികളായിരിക്കണം | ആണ് |
| 3.8,9,10 ക്ളാസ്സുകളിലെ എസ്.സി വിദ്യാർത്ഥിനികൾ | ആണ് |

അർഹത മാനദണ്ഡം ലംഘിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-41/18.08.18) പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചുനല്കിയ

ഗ്രാമസഭാ ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും എന്നാൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് ഗുണഭോക്താക്കൾ കാലതാമസം വരുത്തിയതിനാൽ ഭരണ സമിതിയുടെ തീരുമാന പ്രകാരം രേഖകൾ സമർപ്പിച്ച അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നും മറുപടി ലഭ്യമാക്കി.

മേൽ ഗുണഭോക്താക്കളുടെ വിലാസത്തിൽ ഉൾപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ആനുകൂല്യം നേടിയിട്ടില്ല എന്ന് ഉറപ്പാക്കാൻ നിർവഹണ ഉദ്യോഗസ്ഥക്കായില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. 12822 /-രൂപയുടെ( 3x 4274)ചെലവ് തടസ്സപ്പെടുത്തുന്നു.

iii) <u>ഗുണഭോക്തൃലിസ്റ്റിലെ അപാകം</u>

168/18- 8,9,10 ക്ലാസ്സുകളിലെ എസ്.സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങൽ

എന്ന പ്രോജക്ടിലേയ്ക്കായി 161 എസ്.സി ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച് നല്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്തൃലിസ്റ്റിൽ പ്രോജക്ടിൽ വിഭാവനം ചെയതതിന് അനുസൃതമല്ലാതെ 33 ആൺകുട്ടികളുടെ പേരും ഉൾപ്പെടുത്തിയിട്ടുണ്ട്. (ഭരണ സമിതിയുടെ 14/08/2017 ലെ 5(9) നം തീരുമാനം).കൂടാതെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാക്ഷ്യപ്പെടുത്താത്ത ലിസ്റ്റും, നിർവ്വഹണ ഉദ്യോഗസ്ഥ സ്കൂളുകളിൽ നിന്നും ശേഖരിച്ച ലിസ്റ്റും ഈ പ്രോജക്ടിനു വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താക്കൾ മേൽ സൂചിപ്പിച്ച മൂന്ന് ലിസ്റ്റുകളിലായി "സ്കാറ്റർ " ചെയ്ത് കാണപ്പെടുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയ 116 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. ആയതിൽ അർഹത/മുൻഗണന മാനദണ്ഡം നിശ്ചയിച്ച രീതി വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ സർക്കാർ/ സർക്കാർ അംഗീകൃത സ്കൂളിലെ പഠിതാക്കൾക്കാണ് ആനുകൂല്യം നൽകേണ്ടത് എന്ന് പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇതര പഞ്ചായത്ത്/ കോർപ്പറേഷനിൽ സ്ഥിര താമസക്കാരായവർക്കും പ്രസ്തുത പ്രോജക്ട് വഴി ആനുകൂല്യം നൽകേണ്ടി വന്നിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിന്റെ അപാകമാണ് ഇപ്രകാരം സംഭവിക്കാൻ ഇടയായത്.

## 3-10 <u>ആസൂത്രണം മെച്ചപ്പെടണം - പ്രോജക്ടുകൾ ലക്ഷ്യം കാണുന്നില്ല</u>

പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതും ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ ഫലപ്രദമായി നടത്തുന്നതിന് ഒരു ഉപദേശക സമിതിയായി പ്രവർത്തിക്കേണ്ടതും ആസൂത്രണസമിതിയുടെ ചുമതലയാണ്. ഈ ചുമതലകൾ ഏറ്റെടുക്കുന്നതിൽ ആസൂത്രണസമിതി വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. 2017-18 വർഷത്തെ അംഗീകൃത പ്രോജക്ടുകളിൽ 70% പ്രോജക്ടുകളും റിവൈസ് ചെയ്യേണ്ടതായുംലക്ഷ്യം നേടാൻ കഴിയാത്തതായും വന്നു. അന്തിമപദ്ധതിരേഖ പ്രകാരം ലഭിച്ച പദ്ധതികൾ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, മേഖലയെക്കുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട്, ഗ്രാമസഭാ ശുപാർശകൾ, വികസന സെമിനാർ എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിയ്ക്കെ പ്രോജക്റ്റ് ഭേദഗതി വരുത്തി നടപ്പിലാക്കുമ്പോൾ പദ്ധതി ആസൂത്രണഘട്ടങ്ങൾ ലംഘിക്കപ്പെടുന്നു. പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഗുണകരമായില്ല. പട്ടികജാതി വികസനം, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ പ്രോജക്ടുകൾ ഇതിന് ഉദാഹരണമാണ്. (ഉദാ: പ്രോ.നം. 102/18, 12/18,18/18)

i) പട്ടികജാതി വിഭാഗങ്ങൾക്കായുള്ളഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വികസനഫണ്ട്(എസ്.സി.പി) വിനിയോഗം കാര്യക്ഷമമല്ല. അതീവഗുരുതര പ്രശ്നങ്ങളായി അവസ്ഥാവിശകലനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരം സാധ്യമാകുന്ന വിധത്തിൽ വേണ്ട മുന്നൊരുക്കങ്ങളോടെ പദ്ധതി ആസൂത്രണം നടത്തുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്യാതിരുന്നത് മൂലം ഫണ്ട് വിഹിതത്തിന്റെ

ചെലവഴിക്കൽ 50% ത്തിൽ താഴെയാണ്.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ തൻവർഷം നടത്തിയ ചെലവ് (വികസന ഫണ്ട് എസ്.സി.പി) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | വികസന ഫണ്ട് എസ്.സി.പി ആകെ അടങ്കൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | സെക്രട്ടറി | 335000 | 335000 | 100 |
| 2 | അസി.എഞ്ചിനീയർ | 2837000 | 1895989 | 66.8 |
| 3 | അസി.സെക്രട്ടറി | 3036418 | 1229866 | 40.5 |
| 4 | കൃഷിഓഫീസർ | 0 | 0 | 0 |
| 5 | വെറ്ററിനറി സർജൻ | 375000 | 375000 | 100 |
| 6 | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ | 9027000 | 2670250 | 29.5 |
| 7 | ICDSസൂപ്പർവൈസർ | 921582 | 870984 | 94.5 |
| 8 | മെഡിക്കൽ ഓഫീസർ-PHC, ഹോമിയോ, ആയുർവേദം | 0 | 0 | 0 |
| 9 | ഹെഡ്മാസ്റ്റർ (ഗവ.LP സ്കൂൾ) | 0 | 0 | 0 |
| 10 | ഹെഡ്മാസ്റ്റർ (ഗവ.UP സ്കൂൾ) | 970000 | 960500 | 99 |
| 11 | ഡയറിഫാംഇൻസ്ട്രക്ടർ | 0 | 0 | 0 |
| ആകെ | | 17502000 | 8337589 | 47.6% |

പട്ടികജാതി വിഭാഗങ്ങളിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പ്രകാരമുള്ള ഗുരുതര പ്രശ്നങ്ങൾ നിലനിൽക്കെ, ഈ ഇനത്തിൽ ലഭിക്കുന്ന സർക്കാർ വിഹിതം കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിക്കാത്തത് പഞ്ചായത്തിന്റെ വീഴ്ചയായി വിലയിരുത്തുന്നു. പട്ടികജാതി ഉപപദ്ധതി നിർവഹണം ആരംഭിച്ച് കഴിഞ്ഞാൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് പട്ടികജാതി ഉപപദ്ധതിനിരീക്ഷണസമിതിയായി പരിവർത്തനം ചെയ്യപ്പെടേണ്ടതും പ്രോജക്ടുകളുടെ നിർവഹണം ഫണ്ട് വിനിയോഗം എന്നിവ മോണിട്ടറിംഗ് ചെയ്യേണ്ടതും റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയോഗത്തിന്റെ അജണ്ടയിലുൾപ്പെടുത്തി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകിരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലിള്ള പട്ടികജാതി വികസനവർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടലുണ്ടായിട്ടില്ല . പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് 2017-18 സാമ്പത്തിക വർഷം മൂന്ന് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്(20.2.17, 7.3.17,

6.1.18)). പഞ്ചായത്തിന്റെ ഏതാനുംചില പ്രശ്നങ്ങളെക്കുറിച്ചുള്ള രേഖപ്പെടുത്തലുകളും, സ്റ്റാറ്റസ്റിപ്പോർട്ട് അംഗീകരിച്ച എന്നരേഖപ്പെടുത്തലുമാണ് മിനിട്സ് പരിശോധനയിൽ കണ്ടെത്തിയത്. പദ്ധതി ആസൂത്രണത്തിലെ പിഴവ്, സർക്കാർ മാർഗനിർദ്ദേശം പൂർണമായും പാലിക്കാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കൽ ഗുണഭോക്താക്കളുടെ കുറവ്/അഭാവം (9.1.2017 ലെ സ.ഉ(എം.എസ്)10/2017/ത.സ്വ.ഭ.വ, 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ), മോണിട്ടറിംഗിന്റെ അഭാവം എന്നീ കാരണങ്ങളാലാണ് വികസനഫണ്ട് (എസ്.സി.പി) പൂർണമായി ഉപയോഗിയ്ക്കാനാകാത്ത സാഹചര്യ മുണ്ടായതെന്ന് വിലയിരുത്തുന്നു.

ii) <u>ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനങ്ങൾ - ലക്ഷ്യം കണ്ടില്ല</u>

കുട്ടികളുടെ സമ്പൂർണ്ണ വികസനവും ക്ഷേമവും ഫലപ്രദമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ബാലസൗഹൃദ തദ്ദേശഭരണം എന്ന ആശയം കില ചൈൽഡ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചു. 2017 നവംബർ 28,29,30 തീയതികളിൽ കിലയിൽ ഇതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത പരിശീലന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്തിരുന്നു. പരിശീലന പരിപാടിയിൽ നിന്നും ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങളാണ് ഈ പ്രോജക്റ്റ് രൂപീകരണത്തിന് അടിസ്ഥാനമായത്. (ഓഡിറ്റ് അന്വേഷണം നം. 48 ന്റെ മറുപടി) വികസന ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ഈ പ്രോജക്റ്റിനു വേണ്ടി വകയിരുത്തി അംഗീകാരം നേടി. കുട്ടികളുടെ സ്പെഷ്യൽ ഗ്രാമസഭ വിളിച്ച് തിരഞ്ഞെടുത്ത 100 കുട്ടികൾക്ക് ഒരുവർഷം നീളുന്ന വിവിധ പരിശീലനം, സഹവാസ ക്യാമ്പ്, എല്ലാ വാർഡുകളിലും ബാലസൗഹൃദ പഞ്ചായത്ത് എന്ന ബോർഡ് സ്ഥാപിക്കൽ എന്നിവ നടത്തുന്നതിനാണ് പദ്ധതിയിൽ ഉദേശിച്ചിരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ നടന്നതിന്റെ രേഖകൾ ലഭ്യമല്ല .പ്രോജക്റ്റിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരമുള്ള ധനകാര്യ വിശകലനവും, നിർവഹിച്ച പ്രവൃത്തി, ചെലവ് എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| ധനകാര്യ വിശകലനം | | നിർവഹിച്ച പ്രവർത്തിയും ചെലവും | |
|---|---|---|---|
| ഇനം | അടങ്കൽ | ഇനം | ചെലവ് |
| സ്കിൽ ഡവലപ്പ്മെന്റ് | 100000 | ലോകമുലയൂട്ടൽ വാരം<br>2017 (ബാനർ, ലഘുഭക്ഷണം) | 8500 |
| ബോർഡ് വയ്ക്കൽ | 200000 | കുരുന്നുകൾക്കൊരു വിരുന്ന് സഹവാസ ക്യാമ്പ്(ബാനർ, ഭക്ഷണം | 20027 |
| കളി ഉപകരണങ്ങൾ | 150000 | ദർശൻ 2020<br>ഏകദിന ശില്പശാല | 22075 |
| മുലയൂട്ടൽ മുറി | 50000 | ബോർഡ് സ്ഥാപിക്കൽ | 56000 |
| ആകെ | 500000 | | 106602 |

ഉല്പാദന പരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, സെമിനാറുകൾ, പഠനയാത്രകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്ന നിബന്ധന നിലനിൽക്കേ സർക്കാരിന്റെ പ്രത്യേക നിർദ്ദേശമില്ലാതെ ഇത്തരം പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയത് പദ്ധതി ആസൂത്രണപ്രക്രിയയിലെ അപാകമായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി ആസൂത്രണ വേളയിൽ പല പുതിയ ആശയങ്ങളും രൂപീകരിച്ചെങ്കിലും പദ്ധതി മാർഗ്ഗരേഖയിലും

സബ്സിഡി മാർഗ്ഗരേഖയിലും പാലിക്കേണ്ട നിബന്ധനകൾ കാരണം പല പരിപാടികളും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതിനാലാണ് പ്രോജക്റ്റ് ലക്ഷ്യപ്രാപ്തി കൈവരിക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണം നം 5/17-18 മറുപടിയായി അറിയിച്ചു. റിവിഷനിൽ ബാക്കി തുക അനുപൂരക പോഷകാഹാര പരിപാടിയിൽ ഉൾപ്പെടുത്തുകയോ അങ്കണവാടികൾക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനോ വകമാറ്റാൻ കത്ത് മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥ സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത റിവിഷൻ നടപ്പിലാക്കാൻ സെക്രട്ടറിയോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ നടപടി സ്വീകരിക്കാത്തതിനാൽ വികസന ഫണ്ട് 393398/- രൂപ നഷ്ടപ്പെടുന്ന സാഹചര്യമാണ്ടായി. പ്രോജക്റ്റ് ആശയം നൽകി പ്രോത്സാഹിപ്പിച്ച കില ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ചു കണ്ടില്ല. സർക്കാരിന്റെ മുൻകൂട്ടി അനുമതിയില്ലാതെ പ്രോജക്റ്റുകൾ തദ്ദേശഭരണ സ്ഥാപനം വഴി നടപ്പിലാക്കുന്നതിന് നിലവിലെ നിയമം അനുവദിക്കുന്നില്ല. സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് പദ്ധതി നടപ്പിലാക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കണം

സമൂഹത്തിലെ മാനസികവെല്ലുവിളികൾ നേരിടുന്ന 6 വയസ്സിനും 18 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനും (GO(MS)NO 183/07/തസ്വഭവ 24.07.2007) 18 വയസ്സിനുമേൽ പ്രായമുള്ളവർക്ക് സേവനത്തിന് ഊന്നൽ നൽകുന്ന പകൽ പരിപാലനവും തൊഴിൽ പരിശീലനവും പുനരധിവാസവും നൽകുന്നതിനും വേണ്ടി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും സർക്കാർ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (സ.ഉ.(കൈ)നം 144/2013/06.04.13)

സാമൂഹികനീതി വകുപ്പ് തയ്യാറാക്കിയ അംഗപരിമിത സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 977 ഭിന്നശേഷി വിഭാഗക്കാരുണ്ട്. അതിൽ 78 പേർ 25 വയസ്സിൽ താഴെ പ്രായമുള്ളവരാണ്. സ്റ്റാറ്റസ് റിപ്പോർട്ട് അവസ്ഥാവിശകലനത്തിൽ സ്ഥാപന പുനരധിവാസ പരിശീലന സംരംഭങ്ങളുടെ അഭാവം അതീവ ഗുരുതരമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ 2013-14 സാമ്പത്തിക വർഷം മുതൽ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും നാളിതുവരെ ബഡ്സ് സ്കൂൾ പ്രവർത്തനക്ഷമമാക്കാനായില്ല. വാർഷിക പ്രോജക്റ്റുകളിൽ ഈ വിഭാഗത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട വികസനഫണ്ട് കേവലം നിർമ്മാണ പ്രവർത്തനത്തിലേക്ക് മാത്രമായി പരിമിതപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റ് നം. | എസ്റ്റിമേറ്റ് തുക | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|---|
| 2013-14 | 152/13-14 | 623325 | 379093 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 2014-15 | 137/14-15 | 623325 | 242170 | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ലോകബാങ്ക് ധനസഹായം |
| 2014-15 | 145/14-15 | 500000 | 499579 | വികസനഫണ്ട്(ജനറൽ) |
| 2015-16 | 111/15-16 | 1000000 | 933195 | വികസനഫണ്ട്(ജനറൽ) |
| 2015-16 | 96/15-16 | 700000 | 520930 | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് |

| | | | | |
|---|---|---|---|---|
| 2017-18 | 4/17-18 | 150000 | 137815 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് |
| 2017-18 | 99/17-18 | 225000 | ഇല്ല | വികസനഫണ്ട്(ജനറൽ) |
| 2017-18 | 101/17-18 | 200000 | ഇല്ല | വികസനഫണ്ട്(ജനറൽ) |
| ആകെ | | 4021650 | 2712782 | |

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ 27.05.17 ലും 16.06.17 ലും സ്ഥാപനത്തിന്റെ മറ്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനം കൈക്കൊണ്ട് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തുവെങ്കിലും മേൽ നടപടി സ്വീകരിച്ചില്ല.

സർക്കാർ ബഡ്സ് സ്കൂൾ മാർഗ്ഗരേഖ പ്രകാരം ആവശ്യത്തിന് പഠനോപകരണങ്ങൾ, ഫർണിച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോ തെറാപ്പി ഉപകരണങ്ങൾ അംഗീകൃത പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ, ആയമാർ, പാചകക്കാർ എന്നീ ജീവനക്കാരും 1995 ലെ വികലാംഗജനനിയമമനുസരിച്ച് സ്പെഷ്യൽ സ്കൂൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം എന്നിവയും ഉണ്ടാകേണ്ടതുണ്ട്. ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം ലഭ്യമാക്കാനും സന്നദ്ധ സംഘടനകളുടെ സംഭാവന സ്വീകരിക്കാനും ഭരണസമിതിക്ക് ശ്രമിക്കാവുന്നതാണ്. അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-12 ഗ്രീൻപ്രോട്ടോകോൾ- തുടർപ്രവർത്തനങ്ങൾക്ക് ശുപാർശചെയ്യുന്നു

പ്ലാസ്റ്റിക്ക് അജൈവമാലിന്യനിർമാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ബൈലാ നടപ്പിലാക്കൽ, ശുദ്ധഗ്രാമംപദ്ധതി, ഗ്രീൻപ്രോട്ടോക്കോൾ പദ്ധതി എന്നിങ്ങനെയുള്ള പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്. എന്നാൽ മേൽ പദ്ധതികൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

i) പ്ലാസ്റ്റിക്ക്മാലിന്യപരിപാലനബൈല തയ്യാറാക്കിയെങ്കിലും, നടപ്പിലാക്കുന്നില്ല

പഞ്ചായത്ത് ഭരണസമിതിയുടെ 4.8.2017ലെ 1 (1) നമ്പർ തീരുമാന പ്രകാരം പ്ലാസ്റ്റിക്ക്മാലിന്യ പരിപാലന ബൈലാ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക്ക് നിരോധനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(14/13.08.2018) മറുപടി നല്കിയിട്ടുണ്ടെങ്കിലും ബൈലായിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഫൈൻ/ഫീ എന്നിവ ഈടാക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 1994ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ്- വകുപ്പ് 219X പ്രകാരം പഞ്ചായത്ത് മാലിന്യ നിർമാർജ്ജന ഫണ്ട് രൂപീകരിച്ചിട്ടുമില്ല. കൂടാതെ പഞ്ചായത്തിന്റെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ പ്ലാസ്റ്റിക് പുൽത്തകിടി ഉപയോഗിച്ചിരിക്കുന്നത് മേൽ ബൈലായുടെ ലംഘനമാണ്.

ii) ഗ്രീൻപ്രോട്ടോകോൾ പദ്ധതി മോണിട്ടറിംഗ് ഫലപ്രദമല്ല

| പ്രോജക്ട് നം. | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 148/18 | ഗ്രീൻപ്രോട്ടോകോൾ | തനത് ഫണ്ട് | 9,00,000 | 8,29,500 |

| | |
|---|---|
| നിർവഹണം - | അസി.സെക്രട്ടറി |
| സ്റ്റാന്റിംഗ്കമ്മിറ്റി - | ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി |
| വർക്കിംഗ് ഗ്രൂപ്പ് - | ആരോഗ്യം, ശുചിത്വം |

പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറക്കുന്നതിന്റെ ഭാഗമായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഗ്രീൻപ്രോട്ടോകോൾ പദ്ധതി പ്രകാരം 5000 എണ്ണം വീതം സ്റ്റീൽപ്ലേറ്റുകളും, ഗ്ലാസ്സുകളും ആർ.ആർഗ്രൂപ്പ്,പഴകുറ്റി,നെടുമങ്ങാട് എന്ന സ്ഥാപനത്തിൽ നിന്ന് (invoiceno.DDT1520 dt19/9/17) 8,29,500രൂ നല്കി വാങ്ങുകയും, വാർഡ് ഒന്നിന് 250 വീതം പ്ലേറ്റുകൾ, ഗ്ലാസ്സുകൾ എന്നിവ എല്ലാ വാർഡുകളിലെയും (ആകെ 20 വാർഡുകൾ)കുടുബശ്രീ ADSകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്സെക്രട്ടറിയുടെ19.9.2017 ലെ ബി48025/2017 നടപടിക്രമങ്ങൾ). പഞ്ചായത്തിന്റെ പരിധിയിൽ നടക്കുന്ന ചെറിയ വിവാഹ സൽക്കാരങ്ങൾക്കും, മറ്റ് ആഘോഷങ്ങൾക്കും ഇവ (1palte+1glass) ഒരുദിവസത്തേക്ക് 1രൂപ നിരക്കിൽ വാടകക്ക് നല്കുന്നതിനും (ഭരണസമിതി തീരുമാനം 11/1 തീ.14.8.2017) അതുവഴി പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപഭോഗം പഞ്ചായത്ത് പരിധിയിൽ കുറച്ച്കൊണ്ട് വരുന്നതിനും പദ്ധതി ലക്ഷ്യമിട്ടിരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പ്, മോണിട്ടറിംഗ് എന്നിവ പ്രോജക്റ്റ് പ്രകാരം ആരോഗ്യം-ശുചിത്വം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. എന്നാൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് ഈ ചുമതല ഏറ്റെടുത്തതായി കണ്ടില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള മേൽസൂചിപ്പിച്ച സാധനങ്ങൾക്ക് ലഭ്യമാകുന്ന നാമമാത്രമായ വടക സംബന്ധിച്ച് അവ്യക്തത നിലനില്ക്കുന്നു. പഞ്ചായത്തിന് ലഭിക്കേണ്ടുന്ന വരവ് തുക നിലവിൽ ADSന്റെ അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ അവ പരിശോധിക്കാനായില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വ്യക്തമായ മാനദണ്ഡം ഉണ്ടാക്കി ഭരണസമിതി തലത്തിൽ തീർപ്പാക്കേണ്ടതാണ്.

## 3-13 വനിതാഘടകപദ്ധതികൾ ലക്ഷ്യപ്രാപ്തികൈവരിയ്ക്കണം.

വനിതകളുടെ സാമൂഹ്യസാമ്പത്തിക ഉന്നതിക്ക് ഊന്നൽ നല്കിക്കൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങൾ വനിതാ ഘടകപദ്ധതികൾ ആവിഷ്കരിയ്ക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലുംവരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. (29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ ).നിർബന്ധിത പ്രോജക്റ്റുകൾ എന്നനിലയിൽ അംഗീകാരത്തിന് വേണ്ടി ഉൾപ്പെടുത്തുകയും, നിർവഹണഘട്ടത്തിൽ ഫണ്ട് പൂർണമായും ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നു.2017-18 സാമ്പത്തികവർഷം പഞ്ചായത്ത് വനിതാഘടക പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും പലതും ഉപേക്ഷിക്കുകയോ, ലക്ഷ്യ പ്രാപ്തിയിലെത്താതിരിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ പേര് | നിർവ്വഹണം | ആകെ അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | 174/18 ശുദ്ധഗ്രാമം പദ്ധതി | അസിസ്റ്റന്റ് സെക്രട്ടറി | 5,40,000 (CFC500000 +40000 തനത്) | തൻവർഷം നടപ്പിലാക്കിയില്ല. ബന്ധപ്പെട്ട പശ്ചാത്തല വികസന പദ്ധതികൾ പൂർത്തീകരിച്ചാൽ മാത്രമേ ടിപദ്ധതി നടപ്പിലാക്കാൻ |

| | | | | |
|---|---|---|---|---|
| | | | | സാധിക്കുകയുള്ളൂ |
| 2 | 12/18 വനിതകൾക്ക് ഓട്ടോറിക്ഷവാങ്ങൽ (സ്പിൽഓവർ) | അസി.സെക്രട്ടറി | 12,50,000 (വികസനഫണ്ട് SCP) | അർഹരായ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല. |
| 3 | 156/18സമഗ്രപുരയിട കൃഷി-കിഴങ്ങ് വർഗം | കൃഷി ഓഫീസർ | 8,29,000 (വികസനഫണ്ട് ജനറൽ 7,60,000+69000 others) | അർഹരായ ഗുണഭോക്താക്കളുടെ അഭാവം മൂലം പ്രോജക്റ്റ് റിവൈസ് ചെയ്തു, ഫണ്ട് വകമാറ്റി കൃഷി ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പയോഗിച്ചു. |
| 4 | 159/18 കുടുംബശ്രീ യൂണിറ്റുകൾക്ക് തെങ്ങുകയറ്റയന്ത്രം | കൃഷി ഓഫീസർ | 1,08,000 (വികസനഫണ്ട് ജനറൽ 96000+12000 others) | അർഹരായ ഗുണഭോക്താക്കളുടെ അഭാവം മൂലം പ്രോജക്റ്റ് റിവൈസ് ചെയ്തു, ഫണ്ട് വകമാറ്റി മറ്റ്ജനറൽ പ്രോജക്റ്റുകൾക്ക് ഉപയോഗിച്ചു. |
| 5 | 160/18 ജൈവസമൃദ്ധി പച്ചക്കറി കൃഷി-കുടുംബശ്രീ | കൃഷി ഓഫീസർ | 506340 (വികസനഫണ്ട് ജനറൽ 324300+ ബ്ലോക് ക്ഷെയർ 20400+ ജില്ലാപഞ്ചായത്ത് 20400+141240 others) | അർഹരായ ഗുണഭോക്താക്കളുടെ അഭാവം, ഫണ്ട് വകമാറ്റി മറ്റ് ജനറൽ പ്രോജക്റ്റുകൾക്ക് ഉപയോഗിച്ചു. |
| 6 | 87/18 സ്ത്രീരോഗങ്ങൾക്കുള്ള പ്രത്യേക | മെഡിക്കൽ ഓഫീസർ-ആയുർവേദം | 130000 (വികസനഫണ്ട് | പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | പരിശോധനാ ചികിത്സാ പ്രോജക്റ്റ് | | ജനറൽ) | |
| 7 | 124/18 മംഗലപുരം PHC-യിൽ വനിതാ ടോയ്‌ലെറ്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | 233236 (വികസനഫണ്ട് ജനറൽ) | പണി പൂർത്തിയാക്കി |

2017-18ലെ സ്റ്റാറ്റസ് റിപ്പോർട്ട് (വികസനമേഖല-വനിതാവികസനം) പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 50.33% വനിതകളാണ്. പ്രസ്തുത സ്റ്റാറ്റസ് റിപ്പോർട്ട് അവസ്ഥാവശകലനത്തിൽ "വനിതകൾക്ക് സുസ്ഥിര വരുമാനമാർഗമില്ലായ്മ" എന്നത് അതീവഗുരുതരപ്രശ്നമായാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും അപ്രകാരമുള്ള പ്രോജക്റ്റുകളൊന്നും തൻവർഷം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 3-14 ABC പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ പദ്ധതിമോണിട്ടറിംഗ് അനിവാര്യമാണ്

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥയായി 2017-18 സാമ്പത്തികവർഷം പഞ്ചായത്തിൽ ABCപ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ആനിമൽ ബർത്ത് കൺട്രോൾ(ഡോഗ്സ്) ചട്ടങ്ങൾ 2001 -ലെ ചട്ടം 3(3), 3-4-17 ലെ സർക്കാർ ഉത്തരവ് നമ്പർ 80/2017-ലെ ഖണ്ഡിക 11-3-2എന്നിവ പ്രകാരം തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി നടപ്പാക്കേണ്ട എ.ബി.സി. പ്രോഗ്രാമിന് തൻവർഷം തനത്ഫണ്ടിൽനിന്ന് 1,57,500/- വകയിരുത്തി, പദ്ധതിക്കുവേണ്ടി തുക കുടുംബശ്രീ ജില്ലാമിഷൻകോഓർഡിനേറ്റർക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ ലഭ്യമല്ല. കുടുംബശ്രീമിഷനിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള മൃഗസംരക്ഷണ-ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് യഥാസമയംനടത്തേണ്ട പദ്ധതിമോണിട്ടറിംഗിന്റെ അഭാവമാണ് ഇതിന് കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾപ്രോജക്റ്റ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിച്ച്, മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതുമാണെന്ന നിയമപരമായ ചുമതല (29.3.2017ലെ സ.ഉ (എം.എസ്) 72/2017/ത.സ്വ.ഭ.വ) നിർവഹിക്കുന്നതു വഴി പദ്ധതി നിർവഹണം കാര്യക്ഷമമാക്കാവുന്നതാണ്.

## 3-15 ആശ്രയ പദ്ധതി-പദ്ധതിപ്പണം നഷ്ടപ്പെട്ടു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണഉദ്യോഗസ്ഥയായിട്ടുള്ള ആശ്രയഭവനനിർമ്മാണം-ജനറൽ എന്ന പദ്ധതി സ്പിൽഓവറായി 2017-18 സാമ്പത്തികവർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. തൻമൂലം ഇതിനായി വകയിരുത്തിയ 10,00,000/-രൂപ വികസനഫണ്ട് (ജനറൽ) നഷ്ടമായി. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസി പ്പിക്കുന്നതിനും സമൂഹത്തിന്റെ പൊതു ധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യം വച്ച് കുടുംബശ്രീ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. ദാരിദ്ര്യനിർമാർജ്ജന ഉപപദ്ധതിയിൽ അഗതികുടുംബങ്ങൾക്ക് വേണ്ടി ആശ്രയ പ്രോജക്റ്റ് ഉണ്ടായിരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ആശ്രയ രണ്ടാം ഘട്ട പദ്ധതിയിൽ 173 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നുവെന്നും, ആയത് അന്തിമമാക്കി കുടുംബശ്രീമിഷന് 2017-18ൽ സമർപ്പിക്കുകയും, തൻവർഷത്തെ വാർഷികപദ്ധതിരൂപീകരണം പ്രകാരം 10,00,000/-(വികസനഫണ്ട്) ഉൾപ്പെടുത്തി പദ്ധതി അംഗീകാരം

നേടുകയും ചെയ്തു എന്നും എന്നാൽ 13-ാം പഞ്ചവൽസരപദ്ധതിയുടെ ആദ്യവാർഷിക പദ്ധതിയായ 2017-18 സാമ്പത്തികവർഷം സർക്കാർ ടി പദ്ധതി "അഗതിരഹിതകേരളം" എന്ന് പുനർനിർവചിച്ച സാഹചര്യത്തിൽ കുടുംബശ്രീമിഷന് സമർപ്പിച്ച പദ്ധതി അംഗീകാരം ലഭിക്കാതെ തിരികെ ലഭിക്കുകയും ചെയ്തു. തൻമൂലം പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരികയും ചെയ്തുവെന്ന്, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/13.8.18) മറുപടിനല്കിയിട്ടുണ്ട്.

വ്യക്തമായ പദ്ധതി ആസൂത്രണത്തിന്റെ അഭാവം മൂലം 2016-17വർഷം സമയബന്ധിതമായി ഗുണഭോക്തൃലിസ്റ്റ് അംഗീകാരത്തിനായി കുടുംബശ്രീമിഷന് സമർപ്പിക്കാത്തതിനാലാണ് പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതും, സ്പിൽഓവറായ പ്രസ്തുത പദ്ധതി പിന്നീട് ഉപേക്ഷിക്കേണ്ടി വന്നതെന്നും ഓഡിറ്റ് വിലയിരുത്തുന്നു. വ്യക്തമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-16 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തുക തടസപ്പെടുത്തുന്നു.

i) സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ

വിവിധപദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽഒടുക്കുവരുത്തിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അപ്രകാരം ചെലവായ 3509206/- രൂപ തടസ്സത്തിൽവയ്ക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട്/നം. | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നം./ചെക്ക് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർവൽക്കരണവും സേവനം മെച്ചപ്പെടുത്തലും 46/18 | ഐ.കെ.എം | 123608 | 5/18,26-7-18 | സെക്രട്ടറി |
| 2 | ജലശ്രീ 105/18 | ജില്ലാ പഞ്ചായത്ത് | 100000 | 23/18,11-10-18 | ടി |
| 3 | 111, 125നമ്പർ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടനിർമ്മാണം143/18 | സാമൂഹ്യനീതി വകുപ്പ് | 1160000 | 19/25-9-17 | ടി |
| 4 | 7 അംഗൻവാടികളുടെ പുനരുദ്ധാരണം144/18 | ടി | 280000 | 20/25-9-17 | ടി |
| 5 | ഇടവിളാകംലൈൻ എക്സ്റ്റൻഷൻ 145/18 | KSEB | 142800 | 2/26-7-17 | ടി |
| 6 | പൊയ്കയിൽവാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ147/18 | KWA | 37780 | 7/26-7-17 | ടി |

| | | | | | |
|---|---|---|---|---|---|
| 7 | മുരുക്കുംപുഴവാർഡിൽ ലൈൻ എക്സ്റ്റൻഷൻ 150/18 | KSEB | 559300 | 6/26-7-17 | ടി |
| 8 | വരിക്കമുക്ക് വാർഡിൽ ലൈൻഎക്സ്റ്റൻഷൻ 152/18 | KSEB | 453950 | 3/26-7-17 | ടി |
| 9 | കോട്ടറക്കരി വാർഡിൽലൈൻ എക്സ്റ്റൻഷൻ 157/18 | KSEB | 357150 | 1/26-7-17 | ടി |
| 10 | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ 179/18 (തനത്ഫണ്ട്) | KSEB | 37227 | 479791/6-2-18(15602) 479800/9-2-18 (11951) | ടി |
| 11 | കോട്ടറക്കരി വാർഡിൽലൈൻ എക്സ്റ്റൻഷൻ 180/18 | KWA | 226500 | 27/16-1-18 | ടി |
| 12 | കണ്ടുകൃഷി അംഗൻവാടി, പി.എച്ച്.സി. സബ്സെന്റർ,പാട്ടം എൽ.പി.എസ്.എന്നിവയ്ക്ക് വാട്ടർകണക്ഷൻ183/18 | KWA | 30891 | 26/16-1-18 | ടി |
| | ആകെ | | 3509206 | | |

ii) <u>വില്ലേജ് എക്സ്റ്റൻഷൻഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ</u>

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ചുവടെപ്പറയുന്നപദ്ധതികൾക്കായി പഞ്ചായത്ത് വിഹിതമായി 290917/-, 510250/- എന്നിങ്ങനെ തുകകൾ ബ്ലോക്ക്പഞ്ചായത്തിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ 801167/- രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോ നം. | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ | ബിൽ നം,/ തീയതി |
|---|---|---|---|---|
| 185/18 | IAY സ്പിൽഓവർഭവനങ്ങളുടെ പൂർത്തീകരണം(ജനറൽ) | വികസനഫണ്ട് (ജനറൽ) | 290917 | 10/17-18, 28.02.2018 |
| 188/18 | ഭവനപുനരുദ്ധാരണം (എസ്.സി) | വികസനഫണ്ട് | 510250 | 11/17-18, 28.02.2018 |

| | | | | |
|---|---|---|---|---|
| | | (എസ്.സി.പി) | | |
| | ആകെ | | 801167 | |
| നിർവ്വഹണോദ്യോഗസ്ഥൻ | : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(VEO-I) | | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 ഇടവിളാകംവാർഡിൽ ഡബിൾ ട്യൂബ് സ്ഥാപിക്കൽ -കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല.

പദ്ധതി നം. 155/18 അടങ്കൽ 275444 നിർവഹണം സെക്രട്ടറി, ബിൽ നം./തീയതി 39/28.03.2018

മേൽ പ്രവൃത്തിയുടെ ഫിറ്റിംഗ് ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി. യിൽ 37,780/- രൂപനിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീത്, ഫിറ്റിംഗ് പൂർത്തിയാക്കിയതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ കെ.എസ്.ഇ.ബി. ഹാജരാക്കിയിട്ടില്ല. തുക തടസ്സത്തിൽവയ്ക്കുന്നു. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കി ഒഴിവാക്കേണ്ടതാണ്.

## 3-18 ഇ- ടോയ് ലറ്റ് നിർമ്മാണം - ആസൂത്രണത്തിൽ വ്യക്തതയില്ലാത്തതിനാൽ പദ്ധതി പൂർത്തീകരണം വൈകുന്നു.

പദ്ധതി നം. – 49/18 അടങ്കൽ - 7,00,000/-

മേഖല - സേവനം ഉപമേഖല - ശുചിത്വം, മാലിന്യസംസ്കരണം

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

മുരുക്കുംപുഴ ജംങ്ഷനിൽ മംഗലപുരം – മുരുക്കുംപുഴ റോഡിൽ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ

ഇ-ടോയ്ലെറ്റ് നിർമ്മിക്കുക എന്നതാണ് പദ്ധതി. കെൽട്രോൺ മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തത്. (ഭരണസമിതി തീരുമാനം 9(1) തീയതി 7-10-17). എന്നാൽ ഇ-ടോയ്ലെറ്റ് നിർമ്മാണം കെൽട്രോൺ ഏറ്റെടുക്കുന്നില്ല എന്നറിയിച്ചതിനാൽ നിർവഹണരീതി ടെണ്ടർ ആക്കാനും നിർവ്വഹണച്ചുമതല അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപ്പിക്കാനും തീരുമാനിച്ചു. പ്രസ്തുത വർക്കിൽ സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാൽ നിർവ്വഹണച്ചുമതലയിൽ നിന്നൊഴിവാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതിൻ പ്രകാരം പദ്ധതി വീണ്ടും ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. മെറ്റൽ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് നിലവിലെ നിർവ്വഹണ ഏജൻസി. (2018-19സ്പിൽ ഓവർ പ്രോജക്ട് നം. 65/19).

പദ്ധതി നിർവ്വഹണ ഘട്ടത്തിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണഏജൻസിയെ നിശ്ചയിക്കുന്നതിലെ കാലതാമസം മൂലം അടങ്കൽ തുക 7,00,000/- രൂപയിൽ നിന്ന് 7,50,000/- യായി വർദ്ധിച്ചു.

2. ടോയ്ലെറ്റ് നിർമ്മിക്കുന്നതിന് റോഡ് പുറമ്പോക്കിലായതിനാൽ എൻ.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മുൻകൂർ അനുമതി വാങ്ങിയില്ല.

3. പദ്ധതിസ്ഥലം ഏത് പൊതുമരാമത്ത് അധികാര പരിധിയിലാണെന്നതിനെപ്പറ്റി ഗ്രാമപഞ്ചായത്തിന് വ്യക്തമായ ധാരണയില്ല. ഫയൽ പരിശോധിച്ചതിൽ പി.ഡബ്ല്യു.ഡി. റോഡ് സെക്ഷൻ,

ആറ്റിങ്ങലിനോട് അനുമതി ചോദിച്ചുകൊണ്ടുള്ള സെക്രട്ടറിയുടെ കത്തിന്, സ്ഥലം ആറ്റിങ്ങൽ നിരത്ത് വിഭാഗത്തിന്റേതല്ലെന്ന മറുപടിയാണ് ലഭിച്ചത്.

4. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിക്കാണുന്നില്ല. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ പദ്ധതിയുടെ ഓരോ ഘട്ടത്തിലും കൃത്യമായ മോണിറ്ററിംഗ് ഉറപ്പു വരുത്തുവാൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധിക്കേണ്ടതും മരാമത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടം ഉണ്ടാകേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 365525 | പാലിന് സബ്സിഡി - ഹരിതകേരളം | 365400 | 125 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1543400 | പാലിന് സബ്സിഡി, സമഗ്രനെൽകൃഷി വികസനം, ജൈവസമൃദ്ധി പച്ചക്കറിക്കൃഷി,ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 813078 | 730322 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | ഇടവിളാകം-കെഎസ്ഇബി ലൈൻ എക്സ്റ്റൻഷൻ | 142800 | വിവരം ലഭ്യമാക്കിയിട്ടില്ല | |
| കെ.ഡബ്ല്യൂ.എ | പൊയ്കയിൽവാർഡ്-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 600000 | | |
| കെഎസ്ഇബി | മുരുക്കുമ്പുഴ വാർഡ്-കെഎസ്ഇബി ലൈൻ എക്സ്റ്റൻഷൻ | 559300 | | |
| കെഎസ്ഇബി | വരിയ്ക്കമുക്ക് വാർഡ്-കെഎസ്ഇബി ലൈൻ | 453950 | | |

| | | |
|---|---|---|
| | എക്സ്റ്റൻഷൻ | |
| കെഎസ്ഇബി | കോട്ടറക്കിരി വാർഡ്-കെഎസ്ഇബി ലൈൻ എക്സ്റ്റൻഷൻ | 357150 |
| കെ.ഡബ്ല്യൂ.എ | കോട്ടറക്കിരി വാർഡ്-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 226500 |
| കെ.ഡബ്ല്യൂ.എ | കണ്ടുകൃഷിഅംഗൻവാടി, പിഎച്ച്സി സബ്സെന്റർ, പാട്ടം എൽപിഎസ് എന്നിവയ്ക്ക് വാട്ടർ കണക്ഷൻ | 30891 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 275/IC/LSGD 27.01.2010 | 1750000 | 3612289 | 800000 | - | 2812289 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|---|
| 1 | 2016-17 | വിവരം ലഭ്യമാക്കിയിട്ടില്ല | 4180 | ഷിബു.എ, കോൺട്രാക്ടർ | 117020102863/17.7.2017 |
| 2 | 2016-17 | | 5089 | ഷിബു.എ, കോൺട്രാക്ടർ | 117020102864/30.7.2017 |

| | | | | | |
|---|---|---|---|---|---|
| 3 | 2016-17 | | 4000 | മഹേഷ് വാമദേവൻ, കോൺട്രാക്ടർ | 117020108849/17.7.2017 |
| 4 | 2016-17 | | 2814 | കോൺട്രാക്ടർ | 117020108866/30.7.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 111901390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100631641 |
| വരവിനങ്ങളിലുള്ള നഷ്ടം | 4000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1125 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4360975 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 4000 | ശ്രീമതി.ഷമീം.ഐ, സെക്രട്ടറി |
| 3.9 (i) | 1125 | ശ്രീ.സുകുമാരൻനായർ.എ, കൃഷി ഓഫീസർ |
| ആകെ | 5125 | |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.9(ii) | 12822 | ശ്രീമതി.രേണക.എം.എൽ, HM, U.P.S |
| 3.16(i) | 3509206 | ശ്രീമതി.ഷമീം.ഐ, സെക്രട്ടറി, |
| 3.16(ii) | 801167 | നൌഫൽ എ.എൽ, VEO |

| | | |
|---|---|---|
| 3.17 | 37780 | ശ്രീമതി.ഷമീം.ഐ, സെക്രട്ടറി, |
| ആകെ | 4101474 | |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.ഷമീം.ഐ,<br>സെക്രട്ടറി, | സെക്രട്ടറി, മംഗലപുരം<br>ഗ്രാമപഞ്ചായത്ത് | നീഇ.റ്റി.സി 1/1997/1,<br>സംഗമ നഗർ, കുമാരപുരം,<br>മെഡിക്കൽ കോളേജ്<br>പി.ഒ |
| 2 | ശ്രീ.സുകുമാരൻനായർ.എ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, മംഗലപുരം<br>ഗ്രാമപഞ്ചായത്ത് | ശ്രീവിശാഖം,<br>വടക്കേക്കോണം, കൊല്ല,<br>നെടുമങ്ങാട്,<br>പനവൂർ.പി.ഒ, |
| 3 | ശ്രീമതി.രേണക.എം.എൽ | HM, U.P.S,<br>മംഗലപുരം ഗ്രാമപഞ്ചായത്ത് | ശങ്കരീമാധവം,<br>പോത്തൻകോട് |
| 4 | ശ്രീ.നൗഫൽ.എ.എൻ | വി.ഇ.ഒ,<br>അഴൂർ ഗ്രാമപഞ്ചായത്ത് | കരിക്കത്ത് വീട്,<br>കണിയാപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1985-86 | നം.എൽ.എഫ്.റ്റി.ഡി.10/1820/89/08.08.1990 | |
| 1986-87 | നം.എൽ.എഫ്.റ്റി.ഡി.10/1820/89/08.08.1990 | |
| 1987-88 | നം.എൽ.എഫ്.റ്റി.ഡി.10/1820 / 89/ 08.08.1990 | |

| | | |
|---|---|---|
| 1988-89 | നം.എൽ.എഫ്.റ്റി.ഡി.9/9447/92/16.02.2003 | |
| 1989-90 | നം.എൽ.എഫ്.റ്റി.ഡി.10/1281/92/06.07.2003(സ്പെ.റി) | |
| 1990-91 | നം.എൽ.എഫ്.റ്റി.ഡി.10/1281/92/06.07.2003(സ്പെ.റി) | |
| 1993-94, 94-15 മുതൽ 1996-97 വരെ | നം.എൽ.എഫ്.റ്റി.ഡി.6(ബി)/115/02/ 03.07.2002 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.6(ബി)/152/02/03.07.2002 | |
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.6(ബി)/311/02/04.12.2002 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7/474/02/16.03.2004 / 07.08.2004 | |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469 (1)/08/ 04.07.14 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469(2)/08 /04.07.14 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/537/04/04.07.14 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1953/05/04.07.14 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1792/07/04.07.14 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1793/07/04.07.14 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1755/06/04.07.14 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1454/10/04.07.14 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1273/10/04.07.14 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/127/12/04.07.14 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/128/12/29.05.2012/17.7.12 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/699/13/06.11.13/23.12.13 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/258/14/26.04.2014/3.7.14 | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 /415/15/30.03.2015 | |

| | | |
|---|---|---|
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 /1184/16/29.06.2016 | |
| 2015-16 | നം.കെ.എസ്.എ/ടി.വി.എം.ജി.പി.11/2033/2016.dt.26.11.16 | |
| 2016-17 | നം.കെ.എസ്.എ/ടി.വി.എം.ജി.പി.11/ 1662/2016. dt.19.09.2017 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

S.3/12/18

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത്

രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.